VOL NO: 03 | ISSUE 49

# നേർപഥം


വാരിക

www.nerpatham.com | mail@nerpatham.com

2019 DECEMBER 07 | ₹12

### വിശുദ്ധ ക്വുർആൻ വിശ്വത്തിന്റെ വിളക്ക്

ആറാം നൂറ്റാണ്ടിൽ ഇരുളിന്റെ ലോകത്ത് ഇരുളടഞ്ഞ മനസ്സുമായി ജീവിച്ചിരുന്ന ഒരു ജനതതിയെ വെളിച്ചത്തിലേക്ക് നയിച്ചതും അവരുടെ മനസ്സുകളെ പ്രകാശമാനമാക്കിയതും ക്വുർആനായിരുന്നു. പാരമ്പര്യ വിശ്വാസങ്ങളെയും ആചാരങ്ങളെയും കയ്യൊഴിക്കുവാൻ അവർ തയാറായത് വിശുദ്ധ ക്വുർആൻ അവരുടെ ചിന്തയെ തട്ടിയുണർത്തിയതുകൊണ്ടായിരുന്നു. മനുഷ്യന്റെ ഇഹപരജീവിത വിജയത്തിനുവേണ്ട മാർഗനിർദേശങ്ങൾ അടങ്ങിയ ഗ്രന്ഥം എന്ന നിലയ്ക്ക് അത് പഠിക്കൽ സത്യവിശ്വാസികളുടെ ബാധ്യതയാണ്. ഒരു വിശ്വാസി ക്വുർആനുമായി അഭേദ്യമായ ബന്ധം ഉണ്ടായിരിക്കേണ്ടവനാണ്.



# വിശുദ്ധ ക്വുർആൻ: ദൈവികം, കാലികം

ലോകാവസാനം വരെയുള്ള മുഴുവൻ ജനങ്ങൾക്കും മാർഗദർശനമായിക്കൊണ്ടാണ് ക്വുർആൻ അവതീർണമായത്. അതുകൊണ്ട് തന്നെ അത് എല്ലാ കാലത്തും പ്രസക്തമാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. മാറിവരുന്ന ജീവിതസാഹചര്യങ്ങളിലും ക്വുർആൻ വഴിനടത്തുന്നു എന്നതിന് ജനലക്ഷങ്ങൾ സാക്ഷിയാണ്; കാരണം അത് ദൈവത്തിങ്കൽ നിന്നുള്ളതാണ്.

|| ഗുരു ശിഷ്യ ബന്ധങ്ങളെ വിഷം തീണ്ടുമ്പോൾ
|| തീവ്രവാദം: പ്രതികൾ മതങ്ങളോ അധികാര രാഷ്ട്രീയമോ?
|| ഇസ്‌ലാം മുസ്‌ലിംകളുടേത് മാത്രമോ?
|| വിശുദ്ധ ക്വുർആനും ആദ്യതലമുറയും


WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്‌യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി.വി.എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |




നേർപഥം
വാരിക

0151 / 2019 ഡിസംബർ 07 / 1441 റബീഉൽ ആഖിർ 10 / പുസ്തകം 3 / ലക്കം 49


# വിശുദ്ധ ക്വുർആൻ: ദൈവികം, കാലികം

ഉസ്മാൻ പാലക്കാഴി / 10


**മുഖമൊഴി**

വിശുദ്ധ ക്വുർആൻ വിശ്വത്തിന്റെ വിളക്ക് / 05
എഡിറ്റർ

**ലേഖനം**

തിക്താനുഭവങ്ങളിൽ അടിപതറാതെ / 07
അബ്ബാസ് ചെറുതുരുത്തി

ഗുരു ശിഷ്യ ബന്ധങ്ങളെ വിഷം തീണ്ടുമ്പോൾ / 18
മുസ്‌ലിം ബിൻ ഹൈദർ

തീവ്രവാദം: പ്രതികൾ മതങ്ങളോ രാഷ്ട്രീയമോ? / 21
നബീൽ പയ്യോളി

വിശുദ്ധ ക്വുർആനും ആദ്യതലമുറയും / 29
ശമീർ മദീനി

**ക്വുർആൻ ദർശനം**

ഹാഖ്വ (യഥാർഥ സംഭവം) / 16
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ക്വുർആൻ പാഠം**

ഇസ്‌ലാം മുസ്‌ലിംകളുടേത് മാത്രമോ? / 25
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

**ബാലപഥം**

ആരെന്ന് പറയാമോ? / 26
ശരീഫ് കാര

**കൂട്ടായ്മ**

പ്രബോധനം 'ആത്മരക്ഷക്ക്' / 27
ടി.കെ.അശ്റഫ്

**കാഴ്ച**

നിശ്ശബ്ദമായ കരച്ചിൽ / 33
ശംസുദ്ദീൻ എടത്തനാട്ടുകര

**കവിത**

പൂച്ചക്ക് ആര് മണി കെട്ടും? / 34
സി.കെ.എം ബഷീർ, ആനക്കയം



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

## ഇരുപത്തിനാലാമത് പ്രൊഫഷണൽ സ്റ്റുഡൻസ് ഗ്ലോബൽ കോൺഫറൻസ്

# പ്രൊഫ്കോൺ കൊല്ലത്ത്

ബാഗ്ലൂർ: വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡൻസ് ഓർഗനൈസേഷൻ സംഘടിപ്പിക്കുന്ന ഇരുപത്തിനാലാമത് പ്രൊഫഷണൽ സ്റ്റുഡൻസ് ഗ്ലോബൽ കോൺഫറൻസ് പ്രൊഫ്കോൺ മാർച്ച് 13,14,15 തീയതികളിൽ കൊല്ലത്ത് നടക്കും. ഇന്ത്യയിലും വിദേശങ്ങളിലുമായി പഠിക്കുന്ന ഏഴായിരത്തിൽപരം പ്രൊഫഷണൽ വിദ്യാർഥികൾ പങ്കെടുക്കും. പ്രൊഫ്കോൺ പ്രഖ്യാപന സമ്മേളനം എൻ.എ ഹാരിസ് എം.എൽ.എ ഉദ്ഘാടനം ചെയ്തു.

യുവാക്കൾ ലഹരിക്കും വെറുപ്പ് രാഷ്ട്രീയത്തിനും അടിമപ്പെടരുത്.

വിസ്ഡം സ്റ്റുഡൻസ് പ്രസിഡന്റ് എ.പി മുനവ്വർ സ്വലാഹി അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി പ്രൊഫസർ ഹാരിസ് ബിൻ സലീം, ഡോ പി.പി നസീഫ്, സി മുഹമ്മദ് ഷിയാഫ്, ടി ജാഫർ, പി.പി മുഹമ്മദ് അസ്‌ലം, ഹാരിസ് ബന്നൂർ, ഷഹീർ സി മഹമൂദ്, സി.ടി, അബ്ദുൽ ഗഫൂർ ചേന്നത്, ജാവേദ് മുസ്തഫ എന്നിവർ സംസാരിച്ചു.

# വിദ്യാർഥിനിയുടെ മരണം കുറ്റക്കാർക്കെതിരെ കർശന നടപടി വേണം: വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ

കോഴിക്കോട്: ബത്തേരിയിൽ വിദ്യാർഥിനി സ്കൂളിൽവെച്ച് പാമ്പ് കടിയേറ്റ് മരിച്ച സംഭവത്തിൽ സ്കൂൾ അധികൃതർക്കും ആശുപത്രി അധികൃതർക്കുമെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കണമെന്ന് കോഴിക്കോട് ചേർന്ന വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം ആവശ്യപ്പെട്ടു.

അപകടം സംഭവിച്ച വിദ്യാർഥിനിക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിലും മറ്റും ഗുരുതരമായ വീഴ്ചയാണ് ബന്ധപ്പെട്ടവരിൽ നിന്നും ഉണ്ടായത്. പ്രതിഷേധത്തെ തുടർന്നുള്ള സാങ്കേതികമായ നടപടി എന്നതിലുപരി ഇത്തരം പിഴവുകൾ സമൂഹത്തിൽ ആവർത്തിക്കാതിരിക്കുന്ന വിധമുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടത്.

വിദ്യാലയങ്ങളിൽ വിദ്യാർഥികളുടെ സുരക്ഷിതത്വവും, പ്രാഥമിക കർമങ്ങൾ നിർവഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കണം.

ആയിരത്തിലധികം വിദ്യാർഥികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ നാമമാത്രമായ മൂത്രപ്പുരകളും, വിദ്യാർഥിനീ സൗഹൃദമല്ലാത്ത അടിസ്ഥാന സൗകര്യങ്ങളുമാണ് ഉള്ളതെന്ന പരാതികൾ സർക്കാർ മുഖവിലക്കെടുക്കണം. വിദ്യാലയങ്ങളിൽ അപകടങ്ങൾ സംഭവിക്കുമ്പോൾ സ്വീകരിക്കേണ്ട പ്രാഥമിക കാര്യങ്ങളെ സംബന്ധിച്ച് അധ്യാപകർക്ക് പരിശീലനം നിർബന്ധമാക്കണമെന്നും കോഴിക്കോട് ചേർന്ന വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

സംസ്ഥാന ജന: സെക്രട്ടറി കെ. സജ്ജാദ് അധ്യക്ഷത വഹിച്ചു. താജുദ്ദീൻ സ്വലാഹി, അബ്ദുല്ല ഫാസിൽ, മുഹമ്മദ് അൻവർ ഒ.എം, സുഹൈൽ പി.യു തുടങ്ങിയവർ പങ്കെടുത്തു.

### ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

# വിശുദ്ധ ക്വുർആൻ വിശ്വത്തിന്റെ വിളക്ക്

അനേകം പ്രവാചകന്മാരെ അല്ലാഹു ഈ ലോകത്തേക്ക് നിയോഗിച്ചിട്ടുണ്ട്. അവരിൽ ഗ്രന്ഥം നൽകപ്പെട്ടവരുണ്ട്; പലവിധ അമാനുഷിക ദൃഷ്ടാന്തങ്ങൾ നൽകപ്പെട്ടവരുണ്ട്. അല്ലാഹു അയച്ച ദൂതൻ തന്നെയാണ് എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുവാനാണ് അമാനുഷിക ദൃഷ്ടാന്തങ്ങൾ അവർക്ക് നൽകപ്പെട്ടത്. അന്തിമ പ്രവാചകന് നൽകപ്പെട്ട ഏറ്റവും വലിയ ദൃഷ്ടാന്തമാണ് വിശുദ്ധ ക്വുർആൻ. 1400 വർഷങ്ങൾക്ക് മുമ്പ് അവതരിപ്പിക്കപ്പെട്ട ക്വുർആൻ യാതൊരുവിധ മാറ്റത്തിരുത്തലുകൾക്കും വിധേയമാകാതെ ഇന്നും നിലകൊള്ളുന്നു എന്നതുതന്നെ അതിന്റെ ദൈവികതക്ക് തെളിവാണ്. കോടിക്കണക്കിന് മുസ്‌ലിംകൾ ഒരേ ഭാഷയിൽ അത് പാരായണം ചെയ്തുകൊണ്ടിരിക്കുന്നു. അനേകം ആളുകൾക്ക് അത് മനഃപാഠമാണ്. എത്രയോ ആളുകൾ അതിൽ ആകൃഷ്ടരായി ഇസ്‌ലാമിലേക്ക് കടന്നുവന്നു; ഇന്നും കടന്നുവന്നുകൊണ്ടിരിക്കുന്നു.

മാനവരാശിയെ എല്ലാവിധ അന്ധകാരങ്ങളിൽനിന്നും പ്രകാശത്തിലേക്ക് നയിക്കുവാനാണ് അല്ലാഹു വിശുദ്ധ ക്വുർആൻ അവതരിപ്പിച്ചത്.

"...മനുഷ്യരെ അവരുടെ രക്ഷിതാവിന്റെ അനുമതിപ്രകാരം ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചുതന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത്, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്, ആകാശങ്ങളിലുള്ളതിൻെറയും ഭൂമിയിലുള്ളതിന്റെയും ഉടമയായ അല്ലാഹുവിന്റെ (മാർഗത്തിലേക്ക് അവരെ കൊണ്ടുവരാൻ വേണ്ടി). സത്യനിഷേധികൾക്ക് കഠിനമായ ശിക്ഷയാൽ മഹാനാശംതന്നെ" (14:1,2).

ആറാം നൂറ്റാണ്ടിൽ ഇരുളിന്റെ ലോകത്ത് ഇരുളടഞ്ഞ മനസ്സുമായി ജീവിച്ചിരുന്ന ഒരു ജനതതിയെ വെളിച്ചത്തിലേക്ക് നയിച്ചതും അവരുടെ മനസ്സുകളെ പ്രകാശമാനമാക്കിയതും ക്വുർആനായിരുന്നു. പാരമ്പര്യ വിശ്വാസങ്ങളെയും ആചാരങ്ങളെയും കയ്യൊഴിക്കുവാൻ അവർ തയാറായത് വിശുദ്ധ ക്വുർആൻ അവരുടെ ചിന്തയെ തട്ടിയുണർത്തിയതുകൊണ്ടായിരുന്നു.

"നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗൃഹീതമായ ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചുനോക്കുന്നതിനും ബുദ്ധിമാന്മാർ ഉദ്ബുദ്ധരാകേണ്ടതിനും വേണ്ടി" (38:29).

"അപ്പോൾ, അവർ ക്വുർആൻ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ? അതല്ല, ഹൃദയങ്ങളിന്മേൽ പൂട്ടുകളിട്ടിരിക്കുകയാണോ?" (47:24).

മനുഷ്യന്റെ ഇഹപരജീവിത വിജയത്തിനുവേണ്ട മാർഗനിർദേശങ്ങൾ അടങ്ങിയ ഗ്രന്ഥം എന്ന നിലയ്ക്ക് അത് പഠിക്കൽ സത്യവിശ്വാസികളുടെ ബാധ്യതയാണ്. ഒരു വിശ്വാസി ക്വുർആനുമായി അഭേദ്യമായ ബന്ധം ഉണ്ടായിരിക്കേണ്ടവനാണ്. ക്വുർആൻ പാരായണം ചെയ്യുന്നവനെയും പാരായണം ചെയ്യാത്തവനെയും നബിﷺ ഉപമിച്ചത് കാണുക:

"ക്വുർആൻ പാരായണം ചെയ്യുന്ന സത്യവിശ്വാസിയുടെ ഉപമ- അവൻ മാതളനാരങ്ങപോലെയാണ്. അതിന്റെഗന്ധം ഹൃദ്യവും രുചി നല്ലതുമാണ്. ക്വുർആൻ പാരായണം ചെയ്യാത്ത സത്യവിശ്വാസിയുടെ ഉപമ- അവൻ കാരക്കപോലെയാണ്. അതിന് സുഗന്ധമില്ല; മാധുര്യമുണ്ട്" (ബുഖാരി, മുസ്‌ലിം).

വിശ്വത്തിന്റെ പ്രകാശമായ വിശുദ്ധ ക്വുർആൻ പഠിക്കുവാനും പാരായണം ചെയ്യുവാനും പരിശ്രമിക്കുക. സർവശക്തൻ അനുഗ്രഹിക്കട്ടെ.

അബ്ബാസ് ചെറുതുരുത്തി
cmabbascm@gmail.com

ലേഖനം



# തിക്താനുഭവങ്ങളിൽ അടിപതറാതെ

**പ്ര**വാചകനോടും അനുചരന്മാരോടുമുള്ള മുശ്‌രിക്കുകളുടെ ഉപദ്രവം കഠിനമായി. അന്നേരം ചില ശിഷ്യന്മാർ പ്രവാചകനോട്, സഹായിക്കാൻ വേണ്ടി റബ്ബിനോട് പ്രാർഥിക്കാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ, പ്രവാചകൻﷺ റബ്ബിന്റെ സഹായത്തിൽ ഉറച്ച പ്രതീക്ഷയർപ്പിക്കുകയും നല്ല പര്യവസാനം അല്ലാഹുവിനെ ഭയപ്പെട്ട് ജീവിക്കുന്നവർക്കായിരിക്കുമെന്ന് ആശ്വസിപ്പിക്കുകയും ചെയ്തു.

ഒരു ഹദീഥ് കാണുക: ഖബ്ബാബ് ഇബ്നുൽ അറത്ؓവിൽ നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "പ്രവാചകൻﷺ കഅ്ബയുടെ തണലിൽ വിശ്രമിച്ച് കൊണ്ടിരിക്കുമ്പോൾ ഞങ്ങൾ ആവലാതിയുമായി അദ്ദേഹത്തിന്റെ അടുക്കലേക്കെത്തി. (മുശ്‌രിക്കുകളിൽ നിന്ന് കഠിനമായി പീഡനമേറ്റിരുന്നു) ഞങ്ങൾ പറഞ്ഞു: 'ഞങ്ങൾക്ക് വേണ്ടി സഹായത്തിന് ആവശ്യപ്പെടുന്നില്ലേ; ഞങ്ങൾക്ക് വേണ്ടി പ്രാർഥിക്കുന്നില്ലേ?' അപ്പോൾ പ്രവാചകൻﷺ പറഞ്ഞു: 'തീർച്ചയായും നിങ്ങൾക്ക് മുമ്പുള്ളവരിലുള്ള ഒരു മനുഷ്യനെ കൊണ്ടുവരികയും ഭൂമിയിൽ കുഴിയുണ്ടാക്കുകയും അതിൽ നിറുത്തുകയും വാളുകൊണ്ട് തല രണ്ടായി

നെറുകെ പിളർത്തുകയും ചെയ്തിരുന്നു. ഇരുമ്പിന്റെ ചീർപ്പുകൊണ്ട് ചീവുകയും ചെയ്തിരുന്നു. (എല്ലിൽ നിന്നും മാംസം വേർപ്പെടുത്തിക്കൊണ്ട്). അതൊന്നും അവരെ അവരുടെ മതത്തിൽ നിന്ന് തടഞ്ഞിട്ടില്ല. അല്ലാഹുവാണെ സത്യം! ഈ കാര്യം പൂർത്തീകരിക്കപ്പെടുക തന്നെ ചെയ്യും. ഒരു യാത്രക്കാരന് സൻആഉ മുതൽ ഹളർമൗത്ത് വരെ അല്ലാഹുവിനെയല്ലാതെ മറ്റൊന്നിനെയും ഭയപ്പെടേണ്ടാത്തതും തന്റെ ആടിന്റെ വിഷയത്തിൽ ചെന്നായയെ അല്ലാതെ വേറൊന്നിനെയും പേടിക്കേണ്ടതില്ലാത്തതുമായ ഒരു കാലം വരും. പക്ഷേ, നിങ്ങൾ ധൃതികാണിക്കുകയാണ്" (ബുഖാരി).

ആത്മവിശ്വാസവും ശുഭപ്രതീക്ഷയും ക്ഷമിക്കാനുള്ള മനക്കരുത്തും നൽകുന്ന ഈ വാക്കുകൾ വിശ്വാസികൾക്ക് ആശ്വാസമേകി. സത്യത്തിൽ ഉറച്ച് നിൽക്കുകയും ഏകദൈവാരാധനയിലേക്ക് ക്ഷണിക്കുകയും ജാഹിലിയ്യത്തിലെ പതിവുകളും അന്ധവിശ്വാസങ്ങളും ബിംബാരാധനയും വെടിയുവാൻ പറയുകയും ചെയ്തതിന്റെ പേരിലാണ് ശക്തമായ ഉപദ്രവം പ്രവാചകനും അനുയായികൾക്കും നേരിടേണ്ടിവന്നത്.

അബൂലഹബിന്റെ ഭാര്യ ഉമ്മുജമീല തന്നെക്കുറിച്ച് ക്വുർആനിൽ ആക്ഷേപിച്ച് വചനമിറങ്ങിയിട്ടുണ്ടെന്നറിഞ്ഞ് പ്രവാചകൻﷺയുടെ അടുക്കലേക്ക് ചെന്നു. ആ സമയം പ്രവാചകൻﷺ പള്ളിയിൽ ഇരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ അടുക്കൽ അബൂബക്കർ(റ) ഉണ്ടായിരുന്നു. ഉമ്മുജമീല കല്ലുകളുമായാണ് ചെന്നത്. എന്നാൽ, പ്രവാചകന്റെ അടുക്കൽ എത്തിയപ്പോൾ അല്ലാഹു അവളുടെ കാഴ്ചയിൽ മാറ്റം വരുത്തി. അതോടെ അവൾക്ക് അബൂബക്കർ(റ)വിനെ മാത്രമെ കാണാൻ സാധിച്ചതുള്ളൂ. അവൾ ചോദിച്ചു: "അബൂബക്കറേ, എവിടെ നിന്റെ കൂട്ടുകാരൻ? അവൻ എന്നെ ആക്ഷേപിച്ചതായി അറിഞ്ഞു. അല്ലാഹുവാണെ, അവനെ ഞാൻ കണ്ടാൽ എന്റെ വായ കൊണ്ട് അവനെ അടിക്കുക തന്നെ ചെയ്യും. തീർച്ചയായും ഞാൻ ഒരു കവയിത്രിയാണ്..."(സീറതു ഇബ്നു ഹിശാം: 1/378).

ഏറെ ഉപദ്രവിച്ചിട്ടും ഇസ്‌ലാം സ്വീകരിക്കുന്നവരുടെ എണ്ണം വർധിക്കുകയാണെന്ന് കണ്ടതോടെ മുശ്‌രിക്കുകളുടെ രോഷം ഇരട്ടിച്ചു. അവർ കായികമായും നാവുകൊണ്ടും മുസ്‌ലിംകളെ ഉപദ്രവിക്കുന്നത് വർധിപ്പിച്ചു. പ്രവാചകനെ സംബന്ധിച്ചിടത്തോളം ഒന്നാമതായി അദ്ദേഹം അല്ലാഹുവിന്റെ സംരക്ഷണത്തിലാണ്, പിന്നെ പിതൃവ്യന്റെ സംരക്ഷണത്തിലും. എന്നാൽ പ്രവാചകന് സ്വഹാബത്തിനെ ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്ന് സംരക്ഷിക്കാൻ കഴിയുമായിരുന്നില്ല. അവരിൽ ചിലർ കൊല്ലപ്പെടുകയും മറ്റുചിലർ ശക്തമായ ഉപദ്രവത്തിൽ അകപ്പെടുകയും ചെയ്തു. ഈ അവസരത്തിൽ പ്രവാചകൻﷺ തന്റെ അനുയായികൾക്ക് അബ്സീനിയയിലേക്ക് ഹിജ്റ പോകുവാൻ അനുമതി നൽകി. അങ്ങനെ ഉസ്മാൻ(റ)വിന്റെ നേതൃത്വത്തിൽ ആദ്യമായി ഒരു സംഘം ഹിജ്റ പോയി. അതിൽ നാല് സ്ത്രീകളും പന്ത്രണ്ട് പുരുഷന്മാരുമാണ് ഉണ്ടായിരുന്നത്. പ്രവാചക നിയോഗത്തിന്റെ അഞ്ചാം വർഷത്തിൽ റജബ് മാസത്തിലാണ് ഇത് നടന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർക്ക് തീരത്തെത്തിയ സന്ദർഭത്തിൽ രണ്ട് കപ്പലുകൾ കിട്ടുകയും അവയിൽ അബ്സീനിയയിലേക്ക് യാത്ര തിരിക്കുകയും ചെയ്തു. അവരെ പിന്തുടർന്ന് മുശ്‌രിക്കുകൾ തീരത്തെത്തിയപ്പോഴേക്കും മുസ്‌ലിംകൾ അവിടം വിട്ടിരുന്നു. അബ്സീനിയയിൽ എത്തിയ സന്ദർഭത്തിൽ മക്കയിലെ പ്രശ്നങ്ങളെല്ലാം തീർന്നു എന്ന കള്ള വാർത്ത ലഭിച്ച് ചിലർ അബ്സീനിയയിൽ നിന്നും തിരിച്ച് മക്കയിലേക്ക് മടങ്ങി. എന്നാൽ മക്കയിൽ തിരിച്ചെത്തുന്നതിന് മുമ്പ് തന്നെ അത് കള്ളവാർത്തയാണെന്നും ഇവിടെ അക്രമം കൂടിയിരിക്കുകയാണെന്നും അവർ മനസ്സിലാക്കി. ഹിജ്റ പോയവർ മക്കയിൽ പ്രവേശിക്കുന്ന സന്ദർഭത്തിൽ മുശ്‌രിക്കുകൾ അവരെ കഠിനമായി ഉപദ്രവിച്ചു. പ്രവാചകൻﷺ അവർക്ക് വീണ്ടും അബ്സ്വീനിയയിലേക്ക് ഹിജ്റ പോകാൻ അനുമതി നൽകി. രണ്ടാംതവണ ഹിജ്റ പോയവരിൽ 83 പുരുഷന്മാരും 19 സ്ത്രീകളുമാണ് ഉണ്ടായിരുന്നത്. അവരിൽ അമ്മാറ്ബ്നു യാസിറും(റ) ഉണ്ടായിരുന്നു. നജ്ജാശിയുടെ ഭരണകൂടത്തിന് കീഴിൽ മുസ്‌ലിംകൾ നിർഭയരായിരുന്നു. ഇത് അറിഞ്ഞ മുശ്‌രിക്കുകൾ സമ്മാനങ്ങളുമായി നജ്ജാശിയുടെ അടുക്കലേക്കെത്തുകയും മുസ്‌ലിംകളെ വിട്ടുതരാൻ അപേക്ഷിക്കുകയും ചെയ്തു. എന്നാൽ നജ്ജാശി മുശ്‌രിക്കുകളെയും അവരുടെ സമ്മാനങ്ങളെയും തിരസ്കരിക്കുകയും വിശ്വാസികൾക്ക് അഭയം നൽകുകയും ചെയ്തു.

ഇസ്‌ലാമിന്റെ വ്യാപനവും ധാരാളം ആളുകൾ ഇസ്‌ലാം സ്വീകരിക്കുന്നതും അബ്സീനിയയിലെത്തിയ മുഹാജിറുകൾക്ക് നിർഭയത്വവും സ്വീകരണവും ലഭിച്ചതും മുശ്‌രിക്കുകളെ നിന്ദ്യന്മാരായിക്കൊണ്ട് മടക്കി അയച്ചതും കണ്ടപ്പോൾ മുശ്‌രിക്കുകൾക്ക് മുസ്‌ലിംക

ളോട് ദേഷ്യം വർധിച്ചു. അവർ ബനൂ ഹാശിം, ബനൂ അബ്ദിൽ മുത്ത്വലിബ്, ബനൂഅബ്ദുമനാഫ് എന്നീ ഗോത്രങ്ങൾക്കെതിരെ ബഹിഷ്കരണ ഉടമ്പടി പുറപ്പെടുവിച്ചു. പ്രവാചകനെﷺ വിട്ടുതരുന്നത് വരെ അവരുമായി കച്ചവടമോ, വിവാഹ ബന്ധമോ, സംസാരമോ, ഒരുമിച്ച് ഇരിക്കലോ ഉണ്ടാവില്ല എന്ന് എഴുതി അത് കഅ്ബയുടെ മേൽക്കൂരയിൽ തൂക്കിയിട്ടു. ഈ തീരുമാനത്തെ ബനൂഹാശിമിലെയും ബനൂഅബ്ദിൽ മുത്ത്വലിബിലെയും വിശ്വാസികളും കാഫിറുകളും അംഗീകരിച്ചില്ല. അബൂലഹബ് മാത്രം അംഗീകരിച്ചു. അവൻ പ്രവാചകനോടും ഈ രണ്ട് ഗോത്രങ്ങളോടും പ്രത്യക്ഷത്തിൽ എതിരായി ക്വുറൈശികളോടൊപ്പം നിന്നു.

പ്രവാചക നിയോഗത്തിന്റെ ഏഴാം വർഷം മുഹർറം മാസത്തിൽ ഈ രണ്ട് ഗോത്രങ്ങളെയും 'ശിഅബ് അബീത്വാലിബ്' താഴ്‌വരയിൽ തടഞ്ഞ് വെച്ചു. അവരിൽ നബിﷺയും ഉണ്ടായിരുന്നു. മൂന്ന് വർഷത്തോളം ഭക്ഷണമോ മറ്റ് അവശ്യവസ്തുക്കളോ ലഭിക്കാതെയുള്ള പീഡനം അവർ ഏറ്റുവാങ്ങി. പിഞ്ചുകുഞ്ഞുങ്ങളുടെ വിശപ്പിനാലുള്ള കരച്ചിൽ താഴ്‌വരയെ പ്രകമ്പനം കൊള്ളിച്ചു. അല്ലാഹു ചിതലുകളെ അയച്ചുകൊണ്ട് ആ ഉടമ്പടി പത്രം നശിപ്പിച്ചു. അല്ലാഹുവിന്റെ നാമങ്ങളൊഴികെ മറ്റെല്ലാം ചിതൽ തിന്ന് തീർത്തു.


പ്രവാചകനും അദ്ദേഹത്തോടൊപ്പമുള്ളവരും 'ശിഅബ് അബീത്വാലിബ്' താഴ്‌വരയിൽ നിന്നും പ്രവാചക നിയോഗത്തിന്റെ പത്താം വർഷം പുറത്ത് വന്നു. അതിന് ശേഷം ആറ് മാസം കഴിഞ്ഞപ്പോൾ അബൂത്വാലിബും അതിന്റെ മൂന്ന് ദിവസങ്ങൾക്ക് ശേഷം ഖദീജാബീവിؓയും മരണപ്പെട്ടു. ഈ മരണങ്ങൾക്ക് ശേഷം പ്രവാചകന് തന്റെ ജനതയിലെ വിഡ്ഢികളിൽ നിന്നുള്ള ഉപദ്രവം ശക്തമായി. ഈ സന്ദർഭത്തിൽ പ്രവാചകൻﷺ ത്വാഇഫുകാർ അഭയം നൽകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് അങ്ങോട്ട് പുറപ്പെട്ടു. എന്നാൽ അഭയം നൽകുന്നതിന് പകരം ശക്തമായ ഉപദ്രവമാണ് അവരിൽ നിന്നും ഉണ്ടായത്.

**ത്വാഇഫിലേക്ക് പുറപ്പെട്ടതിന് ശേഷമുള്ള പ്രവാചകന്റെ നിലപാടുകൾ**

പ്രവാചകത്വത്തിന്റെ പത്താം വർഷം ശവ്വാൽ മാസത്തിലാണ് പ്രവാചകൻﷺ ത്വാഇഫിലേക്ക് പുറപ്പെട്ടത്. അദ്ദേഹത്തോടൊപ്പം സൈദ്ബ്നു ഹാരിസുംؓ ഉണ്ടായിരുന്നു. പ്രവാചകൻﷺ ഓരോ വഴിയിൽ പ്രവേശിക്കുമ്പോഴും ഓരോ ഗോത്രങ്ങളെയും ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അവരിൽ നിന്നും ഒരാളും അതിന് ഉത്തരം നൽകിയില്ല.

**ത്വാഇഫുകാരോടുള്ള പ്രബോധനത്തിൽ പ്രവാചകന്റെ ഹിക്മത്ത്**

ത്വാഇഫിൽ എത്തിയപ്പോൾ അവിടുത്തെ നേതാക്കളെ കാണുകയും അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു. എന്നാൽ അവർ വളരെ മോശമായി പ്രതികരിക്കുകയാണുണ്ടായത്. ത്വാഇഫുകാർക്കിടയിൽ പ്രവാചകൻﷺ പത്ത് ദിവസത്തോളം താമസിച്ചു. ഈ കാലയളവിൽ പ്രവാചകൻ എല്ലാ പ്രധാനികളെയും കാണുകയും സംസാരിക്കുകയും ചെയ്തു. എന്നാൽ അവർ പറഞ്ഞത് നാടുവിട്ട് പോയില്ലെങ്കിൽ കുട്ടികളെക്കൊണ്ട് കല്ലെറിഞ്ഞ് ഓടിക്കുമെന്നാണ്. പ്രവാചകൻﷺ അവിടെനിന്ന് പോരാൻ തീരുമാനിച്ചപ്പോൾ അവിടുത്തെ അവിവേകികളും കുട്ടികളും പിന്തുടർന്ന് കല്ലെറിയുകയുണ്ടായി. ഏറുകൊണ്ട് രക്തമൊലിച്ച് പ്രവാചകന്റെ ചെരുപ്പുകൾക്ക് രക്ത വർണമായി. തലപൊട്ടി മുറിവാകുന്നത് വരെ സൈദ്ബ്നു ഹാരിസ്ؓ തന്റെ ശരീരം കൊണ്ട് പ്രവാചകനെ സംരക്ഷിച്ചു. അങ്ങനെ പ്രവാചകൻﷺ വിഷണ്ണനായി മക്കയിലേക്ക് മടങ്ങി. മടങ്ങിപ്പോകവെ ജിബ്‌രീൽؑ പ്രവാചകനെ സമീപിച്ചു. ജിബ്‌രീലിനോടൊപ്പം പർവതങ്ങളുടെ മലക്കുമുണ്ടയിരുന്നു. പർവതങ്ങൾക്കിടയിലുള്ള മക്കയെ ഞെരിച്ചമർത്താൻ പ്രവാചകനോട് മലക്ക് കൽപന തേടുകയുണ്ടായി.



**പർവതങ്ങളുടെ മലക്കിനോടുള്ള പ്രവാചകന്റെ ഉത്തരത്തിലുള്ള മഹത്തായ ഹിക്മത്ത്**

ആയിശ﷛നിന്ന് നിവേദനം; അവർ നബിﷺയോട് ചോദിക്കുകയുണ്ടായി: 'അല്ലാഹുവിന്റെ തിരുദൂതരേ, ഉഹ്ദ് ദിനത്തെക്കാൾ പ്രയാസമേറിയ ദിനം താങ്കൾക്കുണ്ടായിട്ടുണ്ടോ?' അപ്പോൾ അവിടുന്ന് പറഞ്ഞു: 'നിന്റെ ജനതയിൽ നിന്ന് ഏറെ പ്രയാസങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. അക്വബ ദിനത്തിലാണ് എനിക്ക് കൂടുതൽ പ്രയാസം ഉണ്ടായിട്ടുള്ളത്. അന്ന് ഞാൻ ഇബ്നുഅബ്ദിയാലീൽ ഇബ്നു അബ്ദുകുലാലിനെ നേരിട്ട് ദീനിലേക്ക് ക്ഷണിച്ചു. ഞാൻ ഉദ്ദേശിച്ചതിന് അവൻ ഉത്തരമേകിയില്ല. മനോവിഷമത്തോടെ ഞാൻ തിരിച്ചുപോന്നു. ക്വർനിസ്സആലിബിൽ വെച്ചാണ് എനിക്ക് ബോധമുണർന്നത്. ഞാൻ എന്റെ തല ഉയർത്തി നോക്കി. അപ്പോഴതാ മേഘം എനിക്ക് നിഴലിട്ടിരിക്കുന്നു. ഞാൻ നോക്കിയപ്പോൾ അതിൽ ജിബ്രീലുണ്ട്. എന്നെ അദ്ദേഹം വിളിച്ചു. എന്നിട്ട് പറഞ്ഞു: "താങ്കളുടെ ജനത താങ്കളോട് പറഞ്ഞ വാക്ക് അല്ലാഹു കേട്ടിരിക്കുന്നു. എങ്ങനെയാണ് അവർ താങ്കളോട് മറുപടി പറഞ്ഞതെന്നും. പർവതങ്ങളുടെ മലക്കിനെ അല്ലാഹു താങ്കളുടെ അടുക്കലേക്ക് അയച്ചിരിക്കുന്നു. അവരുടെ കാര്യത്തിൽ താങ്കൾ ഉദ്ദേശിക്കുന്നത് ആ മലക്കിനോട് കൽപിക്കാം." നബിﷺ പറയുകയാണ്: "ആ സമയത്ത് പർവതത്തിന്റെ മലക്ക് എന്നെ വിളിച്ചു. എന്നോട് സലാം പറഞ്ഞു. എന്നിട്ട് പറഞ്ഞു: മുഹമ്മദേ, താങ്കളുടെ ജനത താങ്കളോട് പറഞ്ഞത് അല്ലാഹു കേട്ടിരിക്കുന്നു. ഞാൻ പർവതത്തിന്റെ മലക്കാണ്. എന്നെ താങ്കളുടെ റബ്ബ് താങ്കളുടെ അടുത്തേക്ക് അയച്ചിരിക്കുകയാണ്. താങ്കളുടെ കാര്യം എന്നോട് കൽപിക്കാം. എന്താണ് താങ്കൾ ഉദ്ദേശിക്കുന്നത്? താങ്കളുദ്ദേശിക്കുന്ന പക്ഷം അഖ്ശബൈനിനെ (അബൂഖുബൈബ് മലയും അതിനഭിമുഖമായ മലയും) ഞാൻ പുഴക്കിയിടാം.'' അപ്പോൾ അദ്ദേഹത്തോട് റസൂൽﷺ പറഞ്ഞു: "എന്നാൽ അവരുടെ മുതുകുകളിൽ നിന്ന് ഏകനായ അല്ലാഹുവിനെ ആരാധിക്കുന്ന, അവനിൽ ഒന്നിനെയും പങ്കുചേർക്കാത്തവരെ അല്ലാഹു പുറത്ത് കൊണ്ടുവരണമെന്നാണെന്റെ ആഗ്രഹം" (ബുഖാരി, മുസ്‌ലിം).

മേൽ പറഞ്ഞതിൽ നിന്നും പ്രവാചകൻﷺ തന്റെ വ്യക്തിപരമായ കാര്യങ്ങളെക്കാൾ പ്രാധാന്യവും പരിഗണനയും നൽകിയത് തന്റെ സമൂഹത്തിനാണ് എന്ന് വ്യക്തമാകുന്നു. അദ്ദേഹം അവരോട് അങ്ങേയറ്റം കാരുണ്യം കാണിച്ചിരുന്നു. അതാണ് അല്ലാഹു പറഞ്ഞത്:

"(നബിയേ) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷ സ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞുപോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പ് കൊടുക്കുകയും അവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്തുകഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്"(സൂറഃ ആലുഇംറാൻ:159).

"ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല"(സൂറഃ അൽഅമ്പിയാഅ്: 107).

**ഏറെ ഉപദ്രവിച്ചിട്ടും ഇസ്‌ലാം സ്വീകരിക്കുന്നവരുടെ എണ്ണം വർധിക്കുകയാണെന്ന് കണ്ടതോടെ മുശ്‌രിക്കുകളുടെ രോഷം ഇരട്ടിച്ചു. അവർ കായികമായും നാവുകൊണ്ടും മുസ്‌ലിംകളെ ഉപദ്രവിക്കുന്നത് വർധിപ്പിച്ചു. പ്രവാചകനെ സംബന്ധിച്ചിടത്തോളം ഒന്നാമതായി അദ്ദേഹം അല്ലാഹുവിന്റെ സംരക്ഷണത്തിലാണ്, പിന്നെ പിതൃവ്യന്റെ സംരക്ഷണത്തിലും. എന്നാൽ പ്രവാചകന് സ്വഹാബത്തിനെ ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്ന് സംരക്ഷിക്കാൻ കഴിയുമായിരുന്നില്ല. അവരിൽ ചിലർ കൊല്ലപ്പെടുകയും മറ്റുചിലർ ശക്തമായ ഉപദ്രവത്തിൽ അകപ്പെടുകയും ചെയ്തു.**

ദിവസങ്ങളോളം പ്രവാചകൻﷺ നഖ്‌ലയിൽ താമസിച്ചു. മക്കയിലേക്ക് മടങ്ങുന്നതിനെ കുറിച്ച് പ്ലാൻ ചെയ്യുകയും ശാശ്വതമായ ഇസ്‌ലാമിക സന്ദേശം പ്രബോധനം ചെയ്യുന്നതിനെ കുറിച്ചും ചിന്തിച്ചു. അതിന് ശേഷം നവോന്മേഷത്തോടെ പ്രവാചകൻﷺ ശക്തമായി തയ്യാറായി. ഈ സന്ദർഭത്തിൽ സൈദ്ബ്നു ഹാരിസ്﷛ ചോദിച്ചു: "എങ്ങനെ താങ്കൾ അവരിലേക്ക് പ്രവേശിക്കും? അവർ താങ്കളെ പുറത്താക്കിയതല്ലേ?"

പ്രവാചകന്റെﷺ യുടെ മറുപടി ഇപ്രകാരമായിരുന്നു: "അല്ലയോ സൈദ്! തീർച്ചയായും അല്ലാഹു നീ കുടുസ്സായി കണ്ടതിന് ഒരു പോംവഴി ഉണ്ടാക്കുന്നവനാണ്. തീർച്ചയായും അല്ലാഹു അവന്റെ ദീനിനെ സഹായിക്കുന്നവനാണ്. അവന്റെ പ്രവാചകനെ പ്രകടമാക്കുന്നവനാണ്" (സാദുൽമആദ്: 3/33). ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com





# വിശുദ്ധ ക്വുർആൻ: ദൈവികം, കാലികം

**ലോകാവസാനം വരെയുള്ള മുഴുവൻ ജനങ്ങൾക്കും മാർഗദർശനമായിക്കൊണ്ടാണ് ക്വുർആൻ അവതീർണമായത്. അതുകൊണ്ട് തന്നെ അത് എല്ലാ കാലത്തും പ്രസക്തമാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. മാറിവരുന്ന ജീവിതസാഹചര്യങ്ങളിലും ക്വുർആൻ വഴിനടത്തുന്നു എന്നതിന് ജനലക്ഷങ്ങൾ സാക്ഷിയാണ്; കാരണം അത് ദൈവത്തിങ്കൽ നിന്നുള്ളതാണ്.**

മനുഷ്യരാശിയെ സൻമാർഗത്തിലേക്ക് നയിക്കുവാനും പാരത്രിക വിജയത്തിന്റെ പാത ലോകത്തിന് പഠിപ്പിച്ചുകൊടുക്കുവാനുമായി പ്രപഞ്ച സ്രഷ്ടാവ് കാലാകാലങ്ങളായി അയച്ചുകൊണ്ടിരുന്ന ദുതൻമാരുടെ പരമ്പര അവസാനിക്കുന്നത് മുഹമ്മദ് നബിﷺയോടു കൂടിയാണ്. ദൈവിക മാർഗദർശനത്തിന്റെ ഏറ്റവും പൂർണമായ രൂപം മുഹമ്മദ് നബി(സ്വ)യിലൂടെ ലോകർക്ക് നൽകപ്പെട്ടു. ഇനി മനുഷ്യർക്ക് മാർഗദർശനത്തിനായി ഒരു ദൂതനും വരാനില്ല, വിശുദ്ധ ക്വുർആൻ അന്തിമ വേദഗ്രന്ഥമാണ്; മറ്റൊരു വേദഗ്രന്ഥം ഇനി അവതരിക്കാനുമില്ല എന്ന അടിസ്ഥാനപരവും സുപ്രധാനവുമായ അധ്യാപനം കൂടി മുഹമ്മദ് നബിﷺയിലൂടെ നൽകപ്പെട്ടിരിക്കുന്നു.

ആറാം നൂറ്റാണ്ടിലെ അറേബ്യയിലെ അപരിഷ്കൃതരായ ജനസഞ്ചയത്തെ സംസ്കൃതചിത്തരും ഉൽകൃഷ്ട സ്വഭാവത്തിന്റെയും എല്ലാ മാനവിക ഗുണങ്ങളുടെയും വക്താക്കളുമാക്കി മാറ്റിയ വിശുദ്ധ ക്വുർആൻ അന്നുമുതൽ ഇന്നുവരെയുള്ള അതിന്റെ ജൈത്രയാത്രയിൽ തളർന്നു പോയിട്ടില്ല. ലോകത്തിന്റെ മുക്കുമൂലകളിൽ അത് എത്തിച്ചേർന്നു. അതിന്റെ വെളിച്ചം അറിവിന്റെയും അന്വേഷണങ്ങളുടെയും പഠനത്തിന്റെയും വിവിധ മേഖലകളിലേക്ക് ജനങ്ങളെ നയിച്ചു. അധർമത്തിന്റെയും ദൈവനിരാസത്തിന്റെയും ബഹുദൈവവാദത്തിന്റെയും അക്രമത്തിന്റെയും ഇരുട്ടുകളിൽനിന്ന് ക്വുർആൻ മനുഷ്യരെ മോചിപ്പിച്ചുകൊണ്ടിരുന്നു.

ക്വുർആനിന്റെ വെളിച്ചത്തെ ഊതിക്കെടുത്താനുള്ള ശ്രമം പ്രവാചകന്റെ കാലം മുതൽ തുടങ്ങിയതാണ്. ഇന്നും ആ ശ്രമം ലോക വ്യാപകമായി നടന്നുവരുന്നുണ്ട്. ആധുനിക വിവരസാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് ഇന്നത്തെ എതിരാളികൾ ക്വുർആൻ വിമർശനം നടത്തുന്നത് എന്ന വ്യത്യാസം മാത്രമേയുള്ളൂ.

ലോകത്ത് ധാരാളം മതങ്ങൾ നിലവിലുണ്ട്. വേദഗ്രന്ഥമുള്ളവയും ഇല്ലാത്തവയും അതിലുണ്ട്. ഒട്ടനേകം പ്രത്യയശാസ്ത്രങ്ങളും ചിന്താധാരകളും ദാർശനിക-സാഹിത്യ ഗ്രന്ഥങ്ങളും ലോകത്ത് ഉണ്ടായിട്ടുണ്ട്; ഇപ്പോഴും നിലവിലുണ്ട്. എന്നാൽ ക്വുർആനിനെ പോലെ വിമർശനങ്ങൾക്കും എതിർപ്പുകൾക്കും ഇരയായ മറ്റൊരു ഗ്രന്ഥവും ചരിത്രത്തിൽ കഴിഞ്ഞുപോയിട്ടില്ല. ക്വുർആനിനെ പോലെ ജനകോടികൾ ജീവിതമാർഗദർശനമായി നെഞ്ചോടു ചേർത്ത മറ്റൊരു ഗ്രന്ഥവും കാണുവാൻ സാധ്യമല്ല.

## എന്തുകൊണ്ട് ക്വുർആൻ?

ക്വുർആൻ തികച്ചും ദൈവപ്രോക്ത ഗ്രന്ഥമാണ്. ഈ സവിശേഷത മറ്റൊരു ഗ്രന്ഥത്തിനുമില്ല. അങ്ങനെ അവയൊന്നും അവകാശപ്പെടുന്നുമില്ല. ക്വുർആൻ തന്നെ പറയട്ടെ:

"തീർച്ചയായും ഇത് (ക്വുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു"(26:192).

"ഈ ഗ്രന്ഥത്തിന്റെ അവതരണം സർവലോക രക്ഷിതാവിങ്കൽ നിന്നാകുന്നു. ഇതിൽ യാതൊരു സംശയവുമില്ല. അതല്ല, ഇത് അദ്ദേഹം കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? അല്ല, അത് നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാകുന്നു"(32:2,3).

കാലപ്പഴക്കത്താൽ നശിച്ചുപോകുന്ന, ആശയങ്ങൾ അപ്രസക്തമായിത്തീരുന്ന, കാലത്തിനനുസരിച്ച് ഭാഷയിൽ മാറ്റം വരുന്നതിനാൽ വായിച്ച് ഗ്രഹിക്കാൻ സാധിക്കാത്ത ഗ്രന്ഥങ്ങളുണ്ട്. എന്നാൽ ക്വുർആൻ 1400 വർഷങ്ങൾക്ക് ശേഷവും ആശയത്തിലും അക്ഷരത്തിലും മാറ്റം വരാതെ നിലനിൽക്കുന്നു. ലോകാവസാനം വരെയും നിലനിൽക്കുകയും ചെയ്യും. കാരണം അതിന്റെ സംരക്ഷണച്ചുമതല അല്ലാഹു തന്നെ ഏറ്റെടുത്തിട്ടുണ്ട്.

"തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (15:9).

## അവതരണ രീതി

വിശുദ്ധ ക്വുർആൻ ഒറ്റത്തവണയായി ഒരു ഗ്രന്ഥരൂപത്തിലല്ല അവതരിക്കപ്പെട്ടത്; 23 വർഷത്തിനിടയിൽ അൽപാൽപമായാണ്.

"നീ ജനങ്ങൾക്ക് സാവകാശത്തിൽ ഓതിക്കൊടുക്കേണ്ടതിനായി ക്വുർആനിനെ നാം (പല ഭാഗങ്ങളായി) വേർതിരിച്ചിരിക്കുന്നു. നാം അതിനെ ക്രമേണയായി ഇറക്കുകയും ചെയ്തിരിക്കുന്നു" (17:106).

"സത്യനിഷേധികൾ പറഞ്ഞു; ഇദ്ദേഹത്തിന് ക്വുർആൻ ഒറ്റത്തവണയായി ഇറക്കപ്പെടാത്തതെന്താണെന്ന്. അത് അപ്രകാരം (ഘട്ടങ്ങളിലായി അവതരിപ്പിക്കുക) തന്നെയാണ് വേണ്ടത്..." (25:32).

ഇങ്ങനെ അവതരിപ്പിച്ചതിൽ മഹത്തായ യുക്തിയും ലക്ഷ്യവുമുണ്ട്. മനുഷ്യന്റെ സ്രഷ്ടാവായ അല്ലാഹുവിനാണല്ലോ മനുഷ്യനെക്കുറിച്ച് ഏറ്റവും നന്നായി അറിയുക. ദീർഘകാലമായി സമൂഹത്തിൽ നിലനിന്നുവരുന്ന ദുരാ



ചാരങ്ങളും അന്ധവിശ്വാസങ്ങളും അധാർമികതകളും ഒറ്റയടിക്ക് നിർത്തലാക്കുക പ്രയാസകരമാണ്. ഘട്ടങ്ങളായി മാത്രമെ അവ നിർത്തൽ ചെയ്യാനാകൂ. ഇതിന് ഘട്ടങ്ങളായുള്ള അവതരണം സൗകര്യം നൽകുന്നു.

ജനങ്ങളിൽനിന്നും ഉയർന്നുവരുന്ന സംശയങ്ങൾക്കും അപ്പപ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾക്കും തദവസരത്തിൽ തന്നെ പരിഹാരമുണ്ടാകുന്ന രീതിയിൽ ദൈവിക സന്ദേശങ്ങൾ ലഭിക്കുന്നത് പ്രബോധിത ജനതയിൽ കൂടുതൽ ഫലപ്രദമായ പരിവർത്തനങ്ങളുണ്ടാകുന്നതിന് നിമിത്തമാകും.

ഒറ്റ പ്രാവശ്യമായി അവതരിപ്പിക്കപ്പെടുന്ന പക്ഷം അതിലെ നിയമനിർദേശങ്ങളെല്ലാം ഉടനടി തന്നെ നടപ്പിലാക്കേണ്ടതായി വരും. അത് പ്രയാസകരമാണെന്ന് പറയേണ്ടതില്ലല്ലോ. ഘട്ടങ്ങളായുള്ള അവതരണം വഴി ഈ പ്രയാസം ഇല്ലാതാക്കുവാനും ക്രമേണ പൂർണമായി സംസ്കരിക്കപ്പെട്ട ഒരു സമൂഹത്തെ വളർത്തിയെടുക്കുവാനും സാധിക്കും.

നിരക്ഷരനായ നബിﷺക്ക് ക്വുർആൻ പഠിക്കുവാനും മനഃപാഠമാക്കുവാനും ഘട്ടങ്ങളായുള്ള അവതരണം സൗകര്യം നൽകുന്നു. മറവിയോ അബദ്ധങ്ങളോ ഇല്ലാതിരിക്കുന്നതിനും ഇത് അവസരമൊരുക്കുന്നു. അതുപോലെ പ്രവാചകന്റെ അനുയായികൾക്ക് ക്വുർആൻ മനഃപാഠമാക്കുന്നതിനും അതിലെ വിഷയങ്ങൾ വ്യക്തമായി പഠിക്കുന്നതിനും അതനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്നതിനും അൽപാൽപമായുള്ള അവതരണം വഴി സാധിക്കും.

### വൈരുധ്യമുക്തമായ ഗ്രന്ഥം

ക്വുർആനിന്റെ സവിശേഷത അതിൽ അനേകം വിഷയങ്ങൾ അടങ്ങിയിട്ടുണ്ട് എന്നതാണ്. അതിൽ ചരിത്രകഥനങ്ങളുണ്ട്. ഉദ്ബോധനങ്ങളും ഉപദേശങ്ങളുമുണ്ട്. താക്കീതുകളും സന്തോഷവാർത്തകളുമുണ്ട്. സ്വർഗ-നരക വിവരണങ്ങളുണ്ട്. ശാസ്ത്രസൂചനകളുണ്ട്... വ്യത്യസ്ത വിഷയങ്ങൾ ഇടകലർന്ന് വരുന്നുണ്ടെങ്കിലും അവതരണകാലവും സ്ഥലവും വ്യത്യസ്തമാണെങ്കിലും വൈരുധ്യം ക്വുർആനിൽ കാണപ്പെടുന്നില്ല എന്നത് അതിന്റെ ദൈവികത വ്യക്തമാക്കുന്നു.

"അവർ ക്വുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുധ്യം കണ്ടെത്തുമായിരുന്നു" (4:82).

വിമർശകർ ക്വുർആനിൽ വൈരുധ്യങ്ങളുണ്ടെന്ന് സ്ഥാപിക്കാൻ കിണഞ്ഞ് ശ്രമിക്കാൻ തുടങ്ങിയിട്ട് കാലമേറെയായെങ്കിലും അതിൽ വിജയിക്കാൻ അവർക്ക് സാധിച്ചിട്ടില്ല. വൈരുധ്യം തെളിയിക്കാനായി അവർ ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാറുണ്ട്. എന്നാൽ അവ ഒന്നുകിൽ വൈവിധ്യങ്ങളെ വൈരുധ്യങ്ങളായി തെറ്റിദ്ധരിപ്പിക്കലാണ്. അല്ലെങ്കിൽ വ്യത്യസ്ത സംഭവങ്ങളെ ഒരേ സംഭവങ്ങളായി തെറ്റിദ്ധരിപ്പിക്കലാണ്. അതുമല്ലെങ്കിൽ വിവരണങ്ങളെ കൃത്യമായി മനസ്സിലാക്കാതെയുള്ളതോ പദപ്രയോഗത്തെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടുള്ളതോ ആയ വിമർശനം മാത്രമാണ്.

### ദൈവിക ഗ്രന്ഥം

ക്വുർആനിന്റെ ദൈവികതയിൽ സംശയിക്കുന്നവരെ ക്വുർആൻ തന്നെ വെല്ലുവിളിച്ചത് 1400ൽപരം വർഷങ്ങൾക്ക് മുമ്പാണ്.

"അതല്ല, അദ്ദേഹം അത് കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? പറയുക: എന്നാൽ ഇതുപോലെയുള്ള പത്ത് അധ്യായങ്ങൾ ചമച്ചുണ്ടാക്കിയത് നിങ്ങൾ കൊണ്ട് വരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം നിങ്ങൾ വിളിച്ചുകൊ



**വിമർശകർ ക്വുർആനിൽ വൈരുധ്യങ്ങളുണ്ടെന്ന് സ്ഥാപിക്കാൻ കിണഞ്ഞ് ശ്രമിക്കാൻ തുടങ്ങിയിട്ട് കാലമേറെയായെങ്കിലും അതിൽ വിജയിക്കാൻ അവർക്ക് സാധിച്ചിട്ടില്ല. വൈരുധ്യം തെളിയിക്കാനായി അവർ ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാറുണ്ട്. എന്നാൽ അവ ഒന്നുകിൽ വൈവിധ്യങ്ങളെ വൈരുധ്യങ്ങളായി തെറ്റിദ്ധരിപ്പിക്കലാണ്. അല്ലെങ്കിൽ വ്യത്യസ്ത സംഭവങ്ങളെ ഒരേ സംഭവങ്ങളായി തെറ്റിദ്ധരിപ്പിക്കലാണ്. അതുമല്ലെങ്കിൽ വിവരണങ്ങളെ കൃത്യമായി മനസ്സിലാക്കാതെയുള്ളതോ പദപ്രയോഗത്തെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടുള്ളതോ ആയ വിമർശനം മാത്രമാണ്.**

**വിശുദ്ധ ക്വുർആൻ ഒരു സാഹിത്യ ഗ്രന്ഥമല്ല. എന്നാൽ ക്വുർആൻ പോലെ മികച്ച ഒരു സാഹിത്യ ഗ്രന്ഥം വേറെയില്ല. തുടക്കം മുതൽ ഒടുക്കം വരെ ഉന്നതമായ സാഹിത്യ നിലവാരം പുലർത്തുന്നതാണ് ക്വുർആൻ. ക്വുർആൻ ഏതു വിഷയത്തെക്കുറിച്ച് പറയുമ്പോഴും അതിന്റെ രചനാസൗഷ്ടവം നിലനിർത്തുന്നു. മനുഷ്യനിർമിത സാഹിത്യ കൃതികളിൽ കളവുകളും ഭാവനകളും സ്വാഭാവികമാണ്. എന്നാൽ ക്വുർആൻ വചനങ്ങൾ ഉയർന്ന സാഹിത്യനിലവാരം പുലർത്തുന്നതോടൊപ്പം സൂക്ഷ്മതയും സത്യസന്ധതയും പുലർത്തുന്നവയുമാണ്. അസത്യത്തിന്റെ ചെറിയൊരംശം പോലും അതിൽ കാണുക സാധ്യമല്ല.**

ള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ" (11:13).

"നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെ (വിശുദ്ധ ക്വുർആനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേത് പോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ (അതാണല്ലോ വേണ്ടത്)"(2:23).

"അതല്ല, അദ്ദേഹം (നബി) അത് കെട്ടിച്ചമച്ചതാണ് എന്നാണോ അവർ പറയുന്നത്? (നബിയേ,) പറയുക: എന്നാൽ അതിന്ന് തുല്യമായ ഒരു അധ്യായം നിങ്ങൾ കൊണ്ടു വരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ" (10:38).

ഈ വെല്ലുവിളികൾക്കൊന്നും ലോകത്ത് എവിടെനിന്നും കൃത്യമായ പ്രത്യുത്തരമുണ്ടായിട്ടില്ല എന്നത് തന്നെ ക്വുർആനിന്റെ ദൈവികത വ്യക്തമാക്കുന്നു. മുന്ന് ചെറുസൂക്തങ്ങൾ മാത്രമുള്ള 'അൽ കൗസർ' എന്ന അധ്യായത്തോട് കിടപിടിക്കുന്ന ഒന്ന് കൊണ്ടുവരാൻ പോലും ആർക്കും കഴിഞ്ഞിട്ടില്ല. അറബി സാഹിത്യത്തിൽ പ്രശസ്തരായ പലരും പ്രവാചകന്റെ കാലത്ത് തന്നെ ശ്രമിച്ച് പരാജയപ്പെട്ടതിന്റെ ചരിത്രമാണുള്ളത്.

ക്വുർആൻ വചനങ്ങളുടെ വിപുലവും വിശിഷ്ടവുമായ അർഥപുഷ്ടിയും ഹൃദയാവർജകമായ ശൈലിയും ഈടുറ്റ വാചകഘടനയും അക്ഷരങ്ങളുടെ താളാത്മകമായ ക്രമീകരണവുമെല്ലാം അനുകരിക്കാൻ കഴിയാത്തവിധം വേറിട്ടു നിൽക്കുന്നതാണ്.

അത്കൊണ്ടു തന്നെ ക്വുർആനിന്റെ ദൈവികത നിഷേധിച്ച സാഹിത്യനായകന്മാരടങ്ങുന്ന എതിർപക്ഷത്തോട്, നിങ്ങളെല്ലാവരും ഒത്തുചേർന്നിട്ട് ഇതുപോലെ ഒരു ഗ്രന്ഥം കൊണ്ടുവരാൻ കഴിയുമെങ്കിൽ കൊണ്ടുവരൂ എന്ന് ക്വുർആൻ വെല്ലുവിളിച്ചിട്ടും അവർക്ക് അതിന് സാധിച്ചില്ല.

"(നബിയേ,) പറയുക: ഈ ക്വുർആൻ പോലൊന്ന് കൊണ്ട് വരുന്നതിന്നായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതുപോലൊന്ന് അവർ കൊണ്ട് വരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും" (17:88).

### ക്വുർആനിന്റെ സാഹിത്യഭംഗി

വിശുദ്ധ ക്വുർആൻ ഒരു സാഹിത്യ ഗ്രന്ഥമല്ല. എന്നാൽ ക്വുർആൻ പോലെ മികച്ച ഒരു സാഹിത്യ ഗ്രന്ഥം വേറെയില്ല. തുടക്കം മുതൽ ഒടുക്കം വരെ ഉന്നതമായ സാഹിത്യ നിലവാരം പുലർത്തുന്നതാണ് ക്വുർആൻ. ക്വുർആൻ ഏതു വിഷയത്തെക്കുറിച്ച് പറയുമ്പോഴും അതിന്റെ രചനാസൗഷ്ടവം നിലനിർത്തുന്നു. മനുഷ്യനിർമിത സാഹിത്യ കൃതികളിൽ കളവുകളും ഭാവനകളും സ്വാഭാവികമാണ്. എന്നാൽ ക്വുർആൻ വചനങ്ങൾ ഉയർന്ന സാഹിത്യനിലവാരം പുലർത്തുന്നതോടൊപ്പം സൂക്ഷ്മതയും സത്യസന്ധതയും പുലർത്തുന്നവയുമാണ്. അസത്യത്തിന്റെ ചെറിയൊരംശം പോലും അതിൽ കാണുക സാധ്യമല്ല.

സാഹിത്യകൃതികൾക്ക് വഴങ്ങാത്ത വിഷയങ്ങളാണ് ക്വുർആനിൽ പ്രതിപാദിക്കപ്പെടുന്നതെങ്കിലും പ്രസ്തുത വിവരണങ്ങളിലെല്ലാം അത് ഉന്നതമായ നിലവാരം പുലർത്തുകയും മനോഹാരിത കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. ആയാസരഹിതമായി പാരായണം ചെയ്യുവാനും മനഃപാഠമാക്കുവാനും അനുയോജ്യമായ വിധത്തിലുള്ള വാചക ഘടനയാണ് ക്വുർആനിൽ നാം ദർശിക്കുക.

ക്വുർആനിലെ ചരിത്ര വിവരണങ്ങളും പ്രവചനങ്ങളും ശാസ്ത്ര സൂചനകളുമെല്ലാം അവയുടെ സത്യതയും കൃത്യതയും കൊണ്ട് ദൈവികമാണ് ക്വുർആൻ എന്ന് വിളിച്ചു പറയുന്നു.


**വെളിച്ചത്തിലേക്ക് നയിക്കുന്നത്**

ക്വുർആൻ വെറുതെ വായിച്ച് രസിക്കുവാനുള്ള ഗ്രന്ഥമല്ല. അത് മാനവ രാശിയുടെ വഴികാട്ടിയാണ്. എല്ലാ രംഗത്തും മനുഷ്യന് സത്യപാത കാണിക്കുന്ന ഗ്രന്ഥം. അപഥ സഞ്ചാരമാർഗങ്ങളിൽനിന്നും നേർപഥത്തിലേക്ക് ക്വുർആൻ ക്ഷണിക്കുന്നു:

"തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു" (17:9).

"അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു" (5:16).

ക്വുർആനിലെ വിധിവിലക്കുകളിൽ അക്രമത്തിനോ അനീതിക്കോ വേണ്ടിയുള്ള കൽപനകളൊന്നും ഉൾക്കൊള്ളുന്നില്ല. നീതി, ന്യായം, സത്യസന്ധത, ആദരവ്, അനുസരണം, നല്ല പെരുമാറ്റം തുടങ്ങി എല്ലാ സദ്ഗുണങ്ങളും ജീവിതത്തിൽ പകർത്തുവാനും കളവ്, വഞ്ചന, കാപട്യം, മദ്യപാനം, വ്യഭിചാരം, അഹങ്കാരം, അക്രമം, അനീതി തുടങ്ങി എല്ലാ അധർമങ്ങളും വെടിയുവാനുമാണ് ക്വുർആൻ കൽപിക്കുന്നത്.



**ക്വുർആനിന്റെ കാലികപ്രസക്തി**

'ക്വുർആനിന്റെ സന്ദേശങ്ങൾ ആധുനിക കാലഘട്ടത്തിന് യോജിച്ചതല്ല, അതിൽ മാനവവിരുദ്ധമായ ആശയങ്ങളുണ്ട്. ക്വുർആൻ സ്ത്രീവിരുദ്ധമാണ് . പുരുഷപക്ഷത്തുനിന്നാണ് അത് സംസാരിക്കുന്നത്. ആയതിനാൽ ക്വുർആനിനെ കാലഘട്ടത്തിനനുസരിച്ച് വ്യാഖ്യാനിക്കേണ്ടതുണ്ട്. ഒന്നര സഹസ്രാബ്ദം മുമ്പുള്ള ക്വുർആനികാശയങ്ങൾ ആധുനിക മനുഷ്യൻ ഉൾക്കൊണ്ട് ജീവിക്കണമെന്ന് പറയുന്നത് അംഗീകരിക്കാനാവില്ല..' ചില ഭൗതികവാദികൾ ഇപ്രകാരം വാദിക്കാറുണ്ട്.

ഒരു ഭൗതികവാദി എഴുതിയത് കാണുക: "മുസ്ലിംകൾ പൊതുവെ വിശ്വസിക്കുന്നത് ഇസ്‌ലാം അവസാനത്തെ മതവും മുഹമ്മദ് അവസാനത്തെ പ്രവാചകനും ഖുർആൻ അവസാനത്തെ വേദഗ്രന്ഥവും ആണെന്നാണ്. (ആദിമ മനുഷ്യനായി സെമിറ്റിക് മതങ്ങൾ കരുതുന്ന ആദംതൊട്ട് ദൈവം ലോകത്തിനു നൽകി പ്പോന്നത് ഇസ്‌ലാം ആണെന്നും മുഹമ്മദ് നബിയിലൂടെ ആ മതം പൂർണമാക്കപ്പെടുകയാണ് ചെയ്തത് എന്ന വിശ്വാസവും മുസ്‌ലിംകൾക്കിടയിലുണ്ട്). ഈ വിശ്വാസത്തിന് പതിനാല് നൂറ്റാണ്ടിന്റെ പഴക്കമുണ്ട്. ലോകത്തിനുള്ള അന്തിമ സന്ദേശം ദൈവം നൽകിയിട്ട് ഒന്നര സഹസ്രാബ്ദത്തോളമായി എന്ന് ചുരുക്കം. സുദീർഘമായ ഈ കാലയളവിൽ ലോകം അമ്പരപ്പിക്കുന്ന മാറ്റങ്ങൾക്ക് വിധേയമാവുകയുണ്ടായി. ഒരുകാലത്ത് അസങ്കൽപനീയമായിരുന്ന ഒട്ടനവധി പരിവർത്തനങ്ങൾ സമൂഹത്തിൽ പിൽക്കാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. മധ്യശതക ഗോത്ര സമൂഹങ്ങൾ അഭിമുഖീകരിച്ചതിനെക്കാൾ എത്രയോ സങ്കീർണമായ സമസ്യകൾ പിൽക്കാല സമൂഹങ്ങൾ അഭിമുഖീകരിച്ചു. ഇവയ്ക്കും ഇനി വരാനിരിക്കുന്ന അനേകം സമസ്യകൾക്കും ഉത്തരവും പരിഹാരവും നിർദേശിക്കാൻ ഇസ്‌ലാമിന്റെ വേദം പര്യാപ്തമാണെന്ന വിശ്വാസമാണ് പരമ്പരാഗത മുസ്‌ലിം പണ്ഡിതർ വച്ചുപുലർത്തിയത്. അവരുടെ അഭിപ്രായത്തിൽ ഖുർആൻ നൽകുന്ന ഉത്തരങ്ങൾ പിഴക്കില്ല. കാരണം അത് ദൈവികമാണ്" (ഹമീദ് ചേന്ദമംഗല്ലൂർ, പാഠഭേദം മാസിക, 2003 ഡിസംബർ, പേജ് 18).

ക്വുർആനികാശയങ്ങൾ പഴഞ്ചനായിത്തീർന്നിട്ടുണ്ടെന്നും ഇന്നത്തെ കാലത്ത് അതിന് യാതൊരു പ്രസക്തിയുമില്ലെന്നും അത്കൊണ്ടുതന്നെ കാലത്തിനനുസരിച്ച രൂപത്തിലുള്ള വ്യാഖ്യാനം നൽകി

ക്വുർആനിനെ പുനർവ്യാഖ്യാനിക്കേണ്ടതുണ്ട് എന്നുമാണ് അദ്ദേഹം തന്റെ ലേഖനത്തിൽ പറയുന്നത്.

മുഹമ്മദ് നബിﷺക്കും ക്വുർആനിന്റെ അവതരണത്തിനും ശേഷം മാവരാശിക്ക് നൂതനമായ പല സമസ്യകളെയും നേരിടേണ്ടിവന്നിരിക്കാം. ഭൂമുഖത്ത് ആവിർഭവിക്കുന്ന എല്ലാ സമസ്യകൾക്കും പ്രശ്നങ്ങൾക്കും പരിഹാരം ക്വുർആനിലുണ്ട് എന്ന കണ്ണടച്ചുള്ള പ്രഖ്യാപനം ക്വുർആനിലില്ല. സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തിന്റെയും സ്രഷ്ടാവിന്റെ താൽപര്യങ്ങൾ ശരിയായി മനസ്സിലാക്കി മനുഷ്യജീവിതത്തെ അർഥവത്താക്കി മുന്നോട്ട് പോകുന്നതിന്റെയും രൂപരേഖയാണ് ക്വുർആൻ നൽകുന്നത്. മനുഷ്യൻ എത്ര പുരോഗമിച്ചാലും അവൻ സ്രഷ്ടാവിന്റെ സൃഷ്ടിയല്ലാതാവുകയോ അവൻ ദൈവവുമായുള്ള ബന്ധത്തിന്റെയും ചുമതലകളുടെയും തലത്തിൽനിന്ന് മുക്തമാവുകയോ ചെയ്യുന്നില്ല. ആയതിനാൽ സാർവകാലികവും സാർവദേശീയവുമായ ഒരു വേദത്തിലൂടെ സൃഷ്ടി-സ്രഷ്ടാവ് ബന്ധത്തിന്റെ നിത്യനൂതനമായ മാർഗം മനുഷ്യർക്ക് നൽകുകയാണ് ക്വുർആൻ ചെയ്തിരിക്കുന്നത്. ഭൂമിശാസ്ത്രപരവും ആവാസവ്യവസ്ഥിതിയുമായി ബന്ധപ്പെട്ടതും ശാസ്ത്രീയ-വൈജ്ഞാനിക സ്വഭാവമുള്ളതുമായ, മനുഷ്യജീവിതത്തിലെ ബാഹ്യഘടകങ്ങൾ ക്വുർആനിന്റെയും പ്രവാചകത്വത്തിന്റെയും പ്രമേയങ്ങളല്ല. മനുഷ്യരാശിയിൽ ഓരോ കാലത്തും ആവിർഭവിക്കുന്ന ഉപരിപ്ലവ പ്രശ്നങ്ങളുടെ പരിഹാര നിർദേശങ്ങൾ ക്വുർആനിൽ അന്വേഷിക്കണമെന്ന ചിന്താഗതി ഒരു കാലത്തും മുസ്‌ലിംകൾക്കിടയിൽ ഉണ്ടായിട്ടുമില്ല.

ക്വുർആൻ വ്യാഖ്യാനത്തിന് കൃത്യമായ ചില മാനദണ്ഡങ്ങളുമുണ്ട്. ക്വുർആനിലെ ഒരു പദത്തിനോ സൂക്തത്തിനോ ക്വുർആനികാശയങ്ങൾക്ക് വിരുദ്ധമായ അർഥവും വ്യാഖ്യാനവും എത്ര വലിയ പണ്ഡിതൻ നൽകിയാലും അത് മുസ്‌ലിംകളാൽ തന്നെ ചോദ്യം ചെയ്യപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്യാറുണ്ട് എന്നത് അനിഷേധ്യമാണ്. ആയിരത്തി നാനൂറ് വർഷം മുമ്പ് അവതരിച്ച ഒരു ഗ്രന്ഥം ഇന്ന് അതേ രൂപത്തിൽ നിലനിൽക്കുന്നുണ്ടെങ്കിൽ, അതിലെ കൽപനാനിർദേശങ്ങൾ അന്നത്തെയാളുകൾ മനസ്സിലാക്കി പ്രാവർത്തികമാക്കിയതുപോലെ ഇന്നത്തെയാളുകളും പ്രാവർത്തികമാക്കുന്നുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കുന്നത് ആ ഗ്രന്ഥത്തിന്റെ ദൈവികതയും പ്രായോഗികതയുമാണ്.

അറേബ്യയിലെ സാമൂഹിക സാഹചര്യങ്ങൾക്കനുസരിച്ചല്ല പ്രവാചകൻﷺ ക്വുർആൻ വ്യാഖ്യാനിച്ചുകൊടുത്തത്; സ്രഷ്ടാവ് അറിയിച്ചുകൊടുത്തതനുസരിച്ചാണ്. കാലത്തിനും സാഹചര്യങ്ങൾക്കുമനുസരിച്ച് പലരും പലതും മനസ്സിലാക്കുന്നത് സ്വാഭാവികം. മൊബൈൽ ഫോണിനെക്കുറിച്ച് ക്വുർആനിൽ പറഞ്ഞിട്ടില്ല എന്നത് ക്വുർആനിന്റെ ദൈവികതയെ ചോദ്യം ചെയ്യാൻ മുസ്‌ലിം നാമധാരിയായ ഒരു ഭൗതികവാദി ആയുധമാക്കിയത് ഓർമവരുന്നു. ആറാം നൂറ്റാണ്ടിലെ പടച്ചവൻ തന്നെയാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പടച്ചവൻ. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മനുഷ്യൻ മൊബൈൽ കണ്ടുപിടിക്കുമെന്ന അറിവ് സർവജ്ഞനായ അവന് ഇല്ലാതിരിക്കുകയുമില്ല. എന്നാൽ അതിനെക്കുറിച്ച് പറഞ്ഞില്ല എന്നതിലാണ് ക്വുർആനിന്റെ മഹത്ത്വം. കാരണം ക്വുർആൻ അന്ത്യനാൾ വരെയുള്ള മാനവരാശിക്കുള്ളതാണ്. ഏതാനും ദശകങ്ങൾ കഴിഞ്ഞാൽ അല്ലെങ്കിൽ അടുത്ത നൂറ്റാണ്ടിൽ മൊബൈൽ ഫോൺ ഉണ്ടാകുമെന്നതിന് എന്താണുറപ്പ്? മൊബൈൽ എന്നല്ല എല്ലാ ആധുനിക ഉൽപന്നങ്ങളും മാറിക്കൊണ്ടേയിരിക്കുന്നു. ഒന്ന് മറ്റൊന്നിന് വഴിമാറിക്കൊണ്ടേയിരിക്കുന്നു. അപ്പോൾ ഇതിൽ ഏതിനെക്കുറിച്ചാണ് ക്വുർആനിൽ പറയുക? അന്ത്യനാൾവരെയുള്ള മുഴുവൻ കണ്ടുപിടുത്തങ്ങളെക്കുറിച്ചും പറയേണ്ടിവരില്ലേ? ഇനി ഇരുപതാം നൂറ്റാണ്ടിൽ മൊബൈൽ ഫോൺ എന്ന സാധനം കണ്ടുപിടിക്കും എന്ന് ക്വുർആനിൽ പരാമർശമുണ്ടായി എന്നു സങ്കൽപിക്കുക. അടുത്ത നൂറ്റാണ്ടിൽ അല്ലെങ്കിൽ അതിനടുത്ത നൂറ്റാണ്ടിൽ മൊബൈൽ അപ്രത്യക്ഷമാകുന്നു. മൊബൈൽ ഫോൺ കണ്ടുപിടിക്കുമെന്നും പിന്നീട് അത് ഇല്ലാതായി മാറുമെന്നും എന്തുകൊണ്ട് പ്രവചിച്ചില്ല എന്നായിരിക്കില്ലേ അടുത്ത ചോദ്യം?

ക്വുർആനിലെ ഏതെങ്കിലും കൽപനകളും നിർദേശങ്ങളും വിധികളും വിലക്കുകളും അപ്രായോഗികമോ അമാനവികമോ ആണെന്ന് തെളിയിക്കുവാൻ ഒരു ഭൗതികവാദിക്കും ഇന്നേവരെ സാധിച്ചിട്ടില്ല. പകരം പുകമറകൾ സൃഷ്ടിച്ച് തെറ്റുധാരണകൾ പരത്തുവാനാണ് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

“അവർ അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു” (ക്വുർആൻ 61:8).

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 69, ഭാഗം: 3

# ഹാഖ്ഖ (യഥാർഥ സംഭവം)

(മക്കയിൽ അവതരിച്ചത്)

وَأَمَّا مَنْ أُوتِيَ كِتَٰبَهُۥ بِشِمَالِهِۦ فَيَقُولُ يَٰلَيْتَنِى لَمْ أُوتَ كِتَٰبِيَهْ ﴿٢٥﴾

وَلَمْ أَدْرِ مَا حِسَابِيَهْ ﴿٢٦﴾

يَٰلَيْتَهَا كَانَتِ ٱلْقَاضِيَةَ ﴿٢٧﴾

مَآ أَغْنَىٰ عَنِّى مَالِيَهْ ﴿٢٨﴾

هَلَكَ عَنِّى سُلْطَٰنِيَهْ ﴿٢٩﴾

خُذُوهُ فَغُلُّوهُ ﴿٣٠﴾

ثُمَّ ٱلْجَحِيمَ صَلُّوهُ ﴿٣١﴾

ثُمَّ فِى سِلْسِلَةٍ ذَرْعُهَا سَبْعُونَ ذِرَاعًا فَٱسْلُكُوهُ ﴿٣٢﴾

إِنَّهُۥ كَانَ لَا يُؤْمِنُ بِٱللَّهِ ٱلْعَظِيمِ ﴿٣٣﴾

وَلَا يَحُضُّ عَلَىٰ طَعَامِ ٱلْمِسْكِينِ ﴿٣٤﴾

فَلَيْسَ لَهُ ٱلْيَوْمَ هَٰهُنَا حَمِيمٌ ﴿٣٥﴾

وَلَا طَعَامٌ إِلَّا مِنْ غِسْلِينٍ ﴿٣٦﴾

لَّا يَأْكُلُهُۥٓ إِلَّا ٱلْخَٰطِـُٔونَ ﴿٣٧﴾

25. എന്നാൽ ഇടതു കയ്യിൽ ഗ്രന്ഥം നൽകപ്പെട്ടവനാകട്ടെ ഇപ്രകാരം പറയുന്നതാണ്. ഹാ! എന്റെ ഗ്രന്ഥം എനിക്ക് നൽകപ്പെടാതിരുന്നെങ്കിൽ,

26. എന്റെ വിചാരണ എന്താണെന്ന് ഞാൻ അറിയാതിരുന്നെങ്കിൽ (എത്ര നന്നായിരുന്നു.)

27. അത് (മരണം) എല്ലാം അവസാനിപ്പിക്കുന്നതായിരുന്നെങ്കിൽ (എത്ര നന്നായിരുന്നു!)

28. എന്റെ ധനം എനിക്ക് പ്രയോജനപ്പെട്ടില്ല.

29. എന്റെ അധികാരം എന്നിൽ നിന്ന് നഷ്ടപ്പെട്ടുപോയി.

30. (അപ്പോൾ ഇപ്രകാരം കൽപനയുണ്ടാകും:) നിങ്ങൾ അവനെ പിടിച്ച് ബന്ധനത്തിലിടൂ.

31. പിന്നെ അവനെ നിങ്ങൾ ജ്വലിക്കുന്ന നരകത്തിൽ പ്രവേശിപ്പിക്കൂ.

32. പിന്നെ, എഴുപത് മുഴം നീളമുള്ള ഒരു ചങ്ങലയിൽ അവനെ നിങ്ങൾ പ്രവേശിപ്പിക്കൂ.

33. തീർച്ചയായും അവൻ മഹാനായ അല്ലാഹുവിൽ വിശ്വസിച്ചിരുന്നില്ല.

34. സാധുവിന് ഭക്ഷണം കൊടുക്കുവാൻ അവൻ പ്രോത്സാഹിപ്പിച്ചിരുന്നുമില്ല.

35. അതിനാൽ ഇന്ന് ഇവിടെ അവന്ന് ഒരു ഉറ്റബന്ധുവുമില്ല.

36. ദുർനീരുകൾ ഒലിച്ചു കൂടിയതിൽ നിന്നല്ലാതെ മറ്റു ആഹാരവുമില്ല.

37. തെറ്റുകാരല്ലാതെ അതു ഭക്ഷിക്കുകയില്ല.

25-29). ഇവരാണ് ദൗർഭാഗ്യവാന്മാർ. അവരുടെ ചീത്ത പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന രേഖകൾ അവരുടെ ഇടതുകൈകളിൽ നൽകപ്പെടും. അവരെ വേറിട്ടറിയാനും അവർക്ക് അപമാനവും കുറവും നിന്ദ്യതയുമായിട്ട്. ദുഃഖത്താലും വിഷമത്താലും മനോവേദനയാലും അവരിലൊരാൾ പറയും: (ഹാ! എന്റെ ഗ്രന്ഥം എനിക്ക് നൽകപ്പെടാതിരുന്നെങ്കിൽ). കാരണം ശാശ്വത നഷ്ടത്തെക്കുറിച്ചും നരകപ്രവേശത്തെക്കുറിച്ചും സന്തോഷവാർത്ത അറിയിക്കപ്പെട്ടിരിക്കുകയാണ്. (എന്റെ വിചാരണ എന്താണെന്ന് ഞാൻ അറിയാതിരുന്നെങ്കിൽ) ഞാൻ വിസ്മരിക്കപ്പെട്ടവനും ഉയിർത്തെഴുന്നേൽപിക്കപ്പെടാത്തവനും വിചാരണ ചെയ്യപ്പെടാത്തവനും ആയിരുന്നെങ്കിൽ. (അത് (മരണം) എല്ലാം അവസാനിപ്പിക്കുന്നതായിരുന്നെങ്കിൽ). എന്റെ മരണശേഷം ഉയിർത്തെഴുന്നേൽപില്ലാത്ത ഒരു മരണമായിരുന്നെങ്കിൽ എത്ര നന്നായിരുന്നു! പിന്നീട് അവൻ അവന്റെ ധനത്തിലേക്കും അധികാരത്തിലേക്കും തിരിഞ്ഞുനോക്കി. അതവന് നാശമായിരിക്കുന്നു. പരലോകത്തേക്ക് വേണ്ടി അവനൊന്നും നീക്കിവെച്ചിട്ടില്ല. അവനത് പ്രായശ്ചിത്തമായി നൽകിയാലും ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ അതൊന്നും ഉപകരിക്കില്ല. (എന്റെ ധനംഎനിക്ക് പ്രയോജനപ്പെട്ടി) ഇഹലോകത്ത് ഞാനത് പ്രയോജനപ്പെടുത്തിയില്ല. ഒന്നും നീക്കിവെക്കാത്തത് മൂലം പരലോകത്തും പ്രയോജനപ്പെട്ടില്ല. പ്രയോജനപ്പെടുത്തേണ്ട സമയം അവസാനിക്കുകയും ചെയ്തു. (എന്റെ അധികാരം എന്നിൽ നിന്ന്നഷ്ടപ്പെട്ടു പോയി) അത് ഇല്ലാതെയായി. സൈന്യങ്ങളുപകാരപ്പെട്ടില്ല. ആധിക്യമോ എണ്ണമോ സന്നാഹങ്ങളോ വിശാലമായ പ്രശസ്തിയോ ഒന്നും തന്നെ. അതെല്ലാം കാറ്റിൽ പറന്നുപോയി. ലാഭങ്ങളും നേട്ടങ്ങളും നഷ്ടമായി. അതിനു പകരം മനോവേദനകളും ദുഃഖങ്ങളും വിഷമങ്ങളും വന്നു.

30-37) ആ സമയം ശിക്ഷകൊണ്ട് കൽപിക്കപ്പെടും. പരുഷസ്വഭാവമുള്ളവരുംഅതിശക്തരുമായ ശിക്ഷയുടെ മലക്കുകളോട് പറയപ്പെടും: (നിങ്ങൾ അവനെ പിടിച്ച് ബന്ധനത്തിലിടൂ). കഴുത്ത് കുടുക്കിക്കളയുന്ന ആമങ്ങളിൽ ബന്ധിക്കൂ. (പിന്നെ അവനെനിങ്ങൾ ജ്വലിക്കുന്നനരകത്തിൽ പ്രവേശിപ്പിക്കൂ) അവനെ അതിന്റെ കനലിലും ജ്വാലയിലും മറിച്ചിടുക. (പിന്നെ, എഴുപത് മുഴം നീളമുള്ള ഒരു ചങ്ങലയിൽ അവനെ നിങ്ങൾ പ്രവേശിപ്പിക്കൂ) കഠിനചൂടുള്ള നരകത്തിന്റെ ചങ്ങലകളിൽ. (അവനെ നിങ്ങൾ പ്രവേശിപ്പിക്കൂ) അതിലവനെ കോർക്കുക. പിന്നിലൂടെ പ്രവേശിപ്പിച്ച് വായയിലൂടെ പുറത്തുവരുത്തുകയും അതിൽ ബന്ധിക്കുകയും ചെയ്യുക. ഈ നീചമായ ശിക്ഷ നൽകപ്പെട്ടുകൊണ്ടേയിരിക്കും. എത്ര മോശമായ ശിക്ഷ! ഹാ, കഷ്ടം; ഈ അപമാനകരമായ ശിക്ഷ ഏൽക്കേണ്ടിവരുന്നവന്റെ കാര്യം.

ഈ സ്ഥാനത്തേക്ക് അവനെ എത്തിച്ച കാരണങ്ങൾ: (തീർച്ചയായും അവൻ മഹാനായ അല്ലാഹുവിൽ വിശ്വസിച്ചിരുന്നില്ല) തന്റെ രക്ഷിതാവിനെ നിഷേധിക്കുന്നവനും അവന്റെ ദൂതന്മാരെ ധിക്കരിക്കുന്നവനും അവർ കൊണ്ടുവന്ന സത്യത്തെ തള്ളിക്കളയുന്നവനുമായിരുന്നു. (സാധുവിന് ഭക്ഷണം കൊടുക്കാൻ അവൻ പ്രോത്സാഹിപ്പിച്ചിരുന്നില്ല) അഗതികളോടും ദരിദ്രരോടുമുള്ള കരുണ അവന്റെ ഹൃദയത്തിലുണ്ടായിരുന്നില്ല. തന്റെ ധനത്തിൽ നിന്ന് അവർക്ക് ഭക്ഷണം നൽകുകയോ മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുകയോ ചെയ്തിരുന്നില്ല. അവന്റെ ഹൃദയത്തിൽ അതിനുള്ള പ്രചോദനമില്ല.

സൗഭാഗ്യത്തിന്റെ അടിസ്ഥാനം രണ്ടു കാര്യങ്ങളാണ്. അല്ലാഹുവിലുള്ള ശരിയായ വിശ്വാസത്തിൽ നിന്നുണ്ടാകുന്ന ആത്മാർഥത. എല്ലാ നിലയ്ക്കും സൃഷ്ടികൾക്ക് നന്മ ചെയ്യുക. അതിലേറ്റവും പ്രധാനം ആവശ്യക്കാരുടെ നിർബന്ധാവശ്യങ്ങൾ നിറവേറ്റിക്കൊടുക്കലാണ്; അവർക്കാവശ്യമായ ഭക്ഷണം നൽകിക്കൊണ്ട്. ഇവർക്ക് ആത്മാർഥതയും നന്മ ചെയ്യാനുള്ള മനസ്സുമില്ല. അതിനാൽ അവർക്ക് ലഭിച്ചതിനെല്ലാം അവർ അർഹതയുള്ളവർ തന്നെ.

(ഇന്നിവിടെ അവന്നില്ല) ഉയിർത്തെഴുന്നേൽപ് നാളിൽ. (ഒരു ഉറ്റ ബന്ധു) പ്രതിഫലം നൽകി വിജയിപ്പിക്കാനോ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് ശിപാർശ പറഞ്ഞ് രക്ഷപ്പെടുത്താനോ ഒരു കൂട്ടുകാരനോ ബന്ധുവോ അവനില്ല.

وَلَا تَنفَعُ ٱلشَّفَـٰعَةُ عِندَهُۥٓ إِلَّا لِمَنْ أَذِنَ لَهُۥ

"ആർക്കുവേണ്ടി അവൻ അനുമതി നൽകിയോ, അവർക്കല്ലാതെ അവന്റെ അടുക്കൽ ശിപാർശ പ്രയോജനപ്പെടുകയില്ല" (34:23).

مَا لِلظَّـٰلِمِينَ مِنْ حَمِيمٍ وَلَا شَفِيعٍ يُطَاعُ ﴿١٨﴾

"അക്രമകാരികൾക്ക് ഉറ്റബന്ധുവായോ സ്വീകാര്യനായ ശിപാർശക്കാരനായോ ആരും തന്നെയില്ല"(സൂറ: ഗാഫിർ: 18).

(ദുർനീരുകൾ ഒലിച്ചുകൂടിയതിൽ നിന്നല്ലാതെ മറ്റു ആഹാരവുമില്ല) ചോരയും ചലവും കലർന്ന നരകക്കാരുടെ നീരിൽ നിന്നാണത്. ദുഷിച്ച മണവും കഠിനചൂടും കൈപ്പുമുള്ളതാണത്. ഈ നിന്ദ്യമായ ഭക്ഷണം തിന്നേണ്ടിവരില്ല; (തെറ്റുകാരല്ലാതെ). ശരിയായ മാർഗത്തിൽ നിന്നും തെറ്റിപ്പോയവർ. നരകത്തിലെത്താവുന്ന എല്ലാ വഴികളിലും പ്രവേശിച്ചവർ. അതിനാലവർ വേദനയേറിയ ശിക്ഷക്ക് അർഹർ തന്നെ. ●

മുസ്‌ലിം ബിൻ ഹൈദർ
muslimbinhyder@gmail.com

ലേഖനം



# ഗുരു ശിഷ്യ ബന്ധങ്ങളെ വിഷം തീണ്ടുമ്പോൾ

തണുപ്പ് പുതച്ച വയനാടിന്റെ ശാന്തതയിൽ അധ്യയനം നടത്തിക്കൊണ്ടിരുന്ന 'സർവജന' സ്‌കൂൾ സർവർക്കും ചൂടുള്ള വാർത്തയാണിന്ന്. മലയാളിക്ക് അത്രമേൽ ആഘാതം സമ്മാനിച്ചാണ് ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്‌കൂളിലെ അഞ്ചാം ക്ലാസുകാരി ഷഹ്‌ല ഷെറിൻ ഈ ലോകത്തോട് വിട പറഞ്ഞത്. കാണാനോ കേൾക്കാനോ ആവർത്തിക്കാനോ ആഗ്രഹിക്കാത്ത വാർത്തക്ക് പാത്രീഭൂതയായത് കൊച്ചുമകളായതുകൊണ്ട് ആ സംഭവവികാസങ്ങളുടെ ഓർമക്കു പോലും കണ്ണുനീരിന്റെ അകമ്പടിയുണ്ട്.

അന്നേദിവസത്തിൽ നടന്ന സംഭവം സമയക്രമം വെച്ച് വിവരിക്കുന്നുവെങ്കിലും അധ്യാപക-വിദ്യാർഥി ബന്ധങ്ങൾക്കിടയിലെ സ്‌നേഹ കരുതലുകൾക്കേറ്റ പരിക്ക് തന്നെയാണ് കുട്ടിയെ മരണത്തിലേക്കെത്തിച്ചതെന്ന് വ്യക്തമാവുകയാണ്. കുറ്റക്കാർ ശിക്ഷിക്കപ്പെടുന്നതിലും അനന്തര നടപടിക്രമങ്ങളിലും ആശ്വാസം കണ്ടെത്താൻ ഷഹ്‌ല മോൾ ജീവനോടെ ഇല്ലാത്തതാണ് വേദന.

‘പുഞ്ചിരി മാഞ്ഞു’വെന്ന മലയാള വാക്ക് ശരിക്കും ബോധ്യമാവണമെങ്കിൽ അതിനു ശേഷം പത്രമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ട അവളുടെ ചിത്രങ്ങൾ മാത്രം ശ്രദ്ധിച്ചാൽ മതി. കുട്ടികൾക്ക് സംഭവിക്കുന്ന അപകടങ്ങളിൽ ഷഹ്‌ല ഷെറിൻ മാത്രം ഇത്രയധികം മാധ്യമശ്രദ്ധ പിടിച്ചുപറ്റാൻ കാരണമായത് ചികിൽസയിലേക്കെത്തുന്നതിന് മുമ്പും പിമ്പുമുള്ള കുറ്റകരമായ അനാസ്ഥയാണ്. കേട്ടതെല്ലാം സത്യമാണെങ്കിൽ, അധ്യാപനത്തിന്റെ അന്തസ്സത്ത അടുത്തറിയാത്ത ഒരാൾ കാരണമായി ഉണ്ടായതാണ് ഇത്രയും ദയനീയരംഗങ്ങൾ.

വീട്, സ്കൂൾ, വാഹനം, കളിസ്ഥലം തുടങ്ങി കുട്ടികളുടെ ജീവിതപരിസരത്തേക്ക് ഗൗരവത്തോടെ ശ്രദ്ധിക്കേണ്ടതുണ്ട് എന്നാണ് ഇതുപോലെയുള്ള സംഭവങ്ങൾ ബുദ്ധിയുള്ളവരോട് വിളിച്ചുപറയുന്നത്.

അധ്യാപനത്തിന്റെ മഹത്ത്വത്തെ കുറിച്ചും ആ ജോലിയുടെ വിശാല മേഖലകളെ കുറിച്ചും അധ്യാപകർ ആദ്യപഠനം പൂർത്തിയാക്കേണ്ടതുണ്ട്. ഒരിക്കലും ജോലി എന്ന രണ്ടക്ഷരത്തിന്റെ അർഥ തലങ്ങളിൽ അധ്യാപനം കെട്ടുപിണഞ്ഞു കിടക്കരുത്.

ചോദ്യം ചെയ്യപ്പെടുന്ന ഏറ്റവും വലിയ ഉത്തരവാദിത്തം നിർവഹിക്കാൻ ഭാഗ്യം ലഭിച്ചവനാണ് താനെന്ന ബോധത്തോടെ കർമരംഗത്ത് ജാഗരൂകരാവുകയാണ് അധ്യാപകർ ചെയ്യേണ്ടത്. അത്തരത്തിലുള്ള ഒരു അധ്യാപകനിൽ നിന്നും മൂല്യങ്ങൾക്ക് നിരക്കാത്ത ഒന്നും പ്രതീക്ഷിക്കേണ്ടതില്ല. തലമുറകളുടെ നല്ലനടപ്പിന് വഴിമരുന്നിട്ട് സ്വയം മുന്നിടുന്നതും മൂല്യബോധമുള്ള ഒരു സമൂഹത്തെ കെട്ടിപ്പടുക്കുന്നതും ഒരു അധ്യാപകൻ തന്നെ.

വർത്തമാനകാലത്തെ പത്രമാധ്യമങ്ങൾ ദിവസവും മുന്നിൽ എത്തിക്കുന്ന ചില അധ്യാപകരുടെ ചില വാർത്തകൾ ഒട്ടും ആശാവഹമല്ല. സമൂഹത്തിലെ പല ക്രിമിനൽ കുറ്റങ്ങളിലും ഏതെങ്കിലുമൊരു അധ്യാപകനെ നമ്മൾ കാണുന്നുണ്ട്!

ഒരു കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുമ്പോൾ അതിൽ ഒരു അധ്യാപകൻ ഉണ്ടാവരുതെന്ന് ലോകം ആഗ്രഹിക്കുന്നുണ്ട്. അതിനു കാരണം പൊതുസമൂഹ ഹൃദയത്തിൽ അധ്യാപകനുള്ള സ്നേഹവും ബഹുമാനവും തന്നെയാണ്. അവരിൽ നിന്ന് നന്മയുടെ നാമ്പുകല്ലാതെ തിന്മയുടെ വഴിയടയാളങ്ങൾ ആരും ഒരിക്കലും പ്രതീക്ഷിക്കുന്നില്ലല്ലോ!

സമൂഹം ഇത്രമേൽ മക്കളെ വിശ്വസിച്ചേൽപിച്ച മറ്റൊരു വിഭാഗം ഭൂമിക്കു മുകളിൽ ഉണ്ടോ എന്ന് സംശയമാണ്. ‘ആശാനക്ഷരമൊന്നു പിഴച്ചാൽ അമ്പത്തെട്ട് പിഴക്കും ശിഷ്യന്’ എന്ന പഴമൊഴി കേവലം വായനക്ക് മാത്രമുള്ളതല്ല.

നിരീക്ഷണത്തെയും ഉൾക്കാഴ്ചയെയും സ്നേഹത്തിൽ ചാലിച്ചും ഭംഗിയോടെ സമന്വയിപ്പിച്ചും വ്യക്തമായ മുന്നൊരുക്കത്തോടെ മക്കൾക്ക് മുന്നിലെത്തുന്ന അധ്യാപകനിൽ നിന്ന് വിജ്ഞാന വാതിലുകൾ തുറക്കപ്പെടുന്നത് മക്കൾ പ്രതീക്ഷിക്കുന്നുണ്ട്. അതെ! അതിരാവിലെ ശുദ്ധപ്രകൃതിയിൽ മുന്നിലിരിക്കുന്ന ഒഴിഞ്ഞ മനസ്സ്.

അധ്യാപക വചസ്സുകൾ മുഴുവൻ കുട്ടികൾ പെറുക്കിയെടുക്കുമെന്നതിനാൽ നാക്കിനും നോക്കിനും കടുത്ത നിയന്ത്രണവും പരിശീലനവും അനിവാര്യമാണ്.

കുട്ടികളുടെ ഹൃദയത്തിൽ സ്നേഹത്തോടെ വസിക്കുന്ന അധ്യാപകനാണോ താനെന്ന ചോദ്യം ഒരധ്യാപകനെ എപ്പോഴും പിന്തുടരേണ്ടതുണ്ട്. കുട്ടി പഠിക്കുന്നില്ല, അച്ചടക്കം പാലിക്കുന്നില്ല... എന്നിങ്ങനെയുള്ള കുറ്റപ്പെടുത്തലുകൾക്കുള്ള അടിസ്ഥാന കാരണമന്വേഷിച്ചുള്ള അധ്യാപകന്റെ സത്യസന്ധമായ യാത്ര ഒരുപക്ഷേ, സ്വഭാവ പുനഃക്രമീകരണത്തിന് വഴിവെച്ചേക്കും!

പ്രായപൂർത്തിയായ വലിയ മനുഷ്യന്റെ ചെറിയ രൂപമല്ല കുട്ടി. കുട്ടി കുട്ടി തന്നെയാണ്. അവരുടെ ചിന്തയും ഇഷ്ടാനിഷ്ടങ്ങളും വലിയവരിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്

40-45 മിനിറ്റ് ദൈർഘ്യമുള്ള പിരീഡിൽ നിർണിത പാഠഭാഗം ഒരു കടമയെന്നോണം കവർ ചെയ്യാൻ വെമ്പൽ കൊള്ളുന്ന അധ്യാപക സമൂഹത്തെ ഈ ജൈത്രയാത്രക്കിടയിൽ കാണാതിരുന്നിട്ടില്ല. പിൻ ബെഞ്ചിലെ മയക്കത്തിനും ടെക്സ്റ്റ് പുസ്തകത്തിനുള്ളിലെ



കഥാപുസ്തകത്തിനും കാരണക്കാർ ഈ യാന്ത്രിക അധ്യാപകർ തന്നെയാണ്. സ്വയം വിമർശനത്തിനും വിലയിരുത്തലിനും അവസരം നൽകാനും തനിക്ക് അറിവില്ലാത്തവ മറ്റുള്ളവരോട് ചോദിച്ചു പഠിക്കാനുള്ള വലിയ മനസ്സ് നമുക്ക് ആവശ്യമാണ്. തന്നെ തിരുത്താൻ ഈ വിദ്യാലയത്തിൽ മറ്റാരുമില്ലെന്നും താൻ മാത്രമാണ് ശരിയായ ദിശയിൽ സഞ്ചരിക്കുന്നതെന്നുമുള്ള മിഥ്യാബോധം നമ്മെ ഗ്രസിച്ചു കൂടാ. അങ്ങനെയെങ്കിൽ അധ്യാപന ജോലി നമുക്ക് ഭൂഷണമല്ല.

നിയമവും നിയമ സംവിധാനങ്ങളും അധ്യാപക സമൂഹവും വയനാട്ടിലേക്കും അതുവഴി കേരളത്തിലെ മറ്റു വിദ്യാലയങ്ങളുടെ അകത്തളങ്ങളിലേക്കും എത്തിനോക്കാൻ ഒരു കുരുന്നിന്റെ ജീവൻ പൊലിയേണ്ടിവന്നു എന്നത് സങ്കടകരമാണ്. ആ കുഞ്ഞിന്റെ സ്വർഗപ്രവേശനത്തിന് വേണ്ടി ആത്മാർഥമായി നമുക്ക് പ്രാർഥിക്കാം.

ഫസ്റ്റ് ബെല്ലടിക്കുന്നതിന്റെ അഞ്ചു മിനിറ്റ് മുമ്പെങ്കിലും അധ്യാപകൻ ക്ലാസിലെത്തുക എന്നത് അധ്യാപനത്തോടൊപ്പം വിദ്യാലയത്തോടും അതിലുപരി പ്രതീക്ഷയോടെ കാത്തിരിക്കുന്ന മക്കളോടുമുള്ള ആദ്യ കടമ പൂർത്തീകരണമാണ്.

ആകെ ലഭിക്കുന്ന സമയത്തിനുള്ളിൽ നിന്ന് അന്നേക്ക് ആവശ്യമായ വിഭവങ്ങൾ നൽകാനും നൽകിയ വിഭവങ്ങൾ ഹൃദ്യതയോടെ സ്വീകരിച്ചുവെന്ന് ഉറപ്പാക്കാനും അധ്യാപകൻ ശ്രദ്ധിക്കണം. അടുത്ത ദിവസത്തെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടായിരിക്കണം ഓരോ ക്ലാസിൽ നിന്നും പടിയിറങ്ങേണ്ടത്.

മനുഷ്യനെന്ന നിലയിൽ സ്വാഭാവികമായുമുണ്ടാകുന്ന ജീവിതപ്രയാസങ്ങളുടെ നീറുന്ന ബാണ്ഡങ്ങൾ സ്റ്റാഫ് റൂമിൽ വെക്കുന്ന ബാഗിനൊപ്പം വെച്ചിട്ടു വേണം ഹാജർ പട്ടികയുമെടുത്ത് ക്ലാസിലേക്കു നീങ്ങാൻ. സർക്കാർ വകയായി പരിശീലനങ്ങളുടെ പെരുമഴയാണ് ഓരോ വർഷവും അധ്യാപകർക്ക് കിട്ടി ക്കൊണ്ടിരിക്കുന്നത്. മോണിറ്ററിംഗിന്റെ അഭാവം കൊണ്ട് തന്റെ തനതായ ശൈലിയിൽ സായൂജ്യം കണ്ടെത്തി കാലത്തോടൊപ്പം സഞ്ചരിക്കാത്തതും വലിയ കുറ്റമാണ്.



വരുംനാളുകളിൽ സർവജന സ്കൂളിൽ നിന്നുള്ള കൂടുതൽ വാർത്തകൾ വന്നേക്കാം. അതാവട്ടെ കാര്യങ്ങളെ കൂടുതൽ അടുത്തറിയാൻ നമ്മെ സഹായിക്കും, തീർച്ച. പക്ഷേ, ഇത്തരം സംഭവങ്ങൾക്ക് മാധ്യമങ്ങളും സോഷ്യൽ മീഡിയയിലെ സൈബർ പോരാളികളും നൽകുന്ന അമിത പ്രാധാന്യം അക്ഷരലോകത്ത് കഠിന പ്രയത്നം നടത്തുന്ന ആത്മാർഥതയുള്ള അധ്യാപകരെ കൂടി ഭയപ്പെടുത്തുന്നതാണെന്ന് പറയാതെ വയ്യ. പുലർച്ചെ സ്കൂളിലെത്തി, കുഞ്ഞുങ്ങളുടെ കാര്യങ്ങളിലിടപെട്ട്, അവരുടെയും രക്ഷിതാക്കളുടെയും സ്നേഹവായ്പുകൾ ഏറ്റുവാങ്ങി സമൂഹത്തിന്റെ വഴിവിളക്കുകളാകുന്ന അധ്യാപകരും ഉൾവലിയലിന്റെ മൂടുപടം സ്വയമണിയാൻ ഇത്തരം പ്രചാരണങ്ങൾ കാരണമായേക്കാം. അതാകട്ടെ ഒരു വയനാടിനെ മാത്രമല്ല ബാധിക്കുക.

വയനാട് സംഭവം നടന്ന ദിവസം ആരും അറിയാതെ പോയതും പിറ്റേദിവസം ലോകം മുഴുവൻ അറിഞ്ഞതും നന്നായി പഠന വിധേയമാക്കേണ്ടതുണ്ട്.

പാമ്പ് കടിക്കുന്നതിന്ന് മുമ്പും സർവജന സ്കൂളും ആ ക്ലാസും മാളവും നിലവിലുണ്ടായിരുന്നു. ഈ സൈബർ യുദ്ധം അത്തരം ശോചനീയാവസ്ഥകൾ ഇല്ലാതാക്കാനും അസൗകര്യങ്ങൾക്ക് അറുതി വരുത്താനുമായിരുന്നെങ്കിൽ ഇനിയെങ്കിലും ദാരുണ സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ അത് സഹായകമായേനെ.

വിധിയിലുള്ള വിശ്വാസത്തെ പൂർണമായി ഉൾക്കൊള്ളുമ്പോഴും 'ഒട്ടകത്തെ കെട്ടിയിട്ടതിന് ശേഷം അല്ലാഹുവിൽ ഭരമേൽപിക്കുവാൻ' പഠിപ്പിക്കുന്ന പ്രവാചകമാതൃക ഏവർക്കും വെളിച്ചമാകേണ്ടതുണ്ട്. ●

ലേഖനം

നബീൽ പയ്യോളി
nabeelpayyoly@gmail.com



# തീവ്രവാദം: പ്രതികൾ മതങ്ങളോ അധികാര രാഷ്ട്രീയമോ?

'**കോ**ഴിക്കോട്ടെ തീവ്രവാദ പ്രസ്ഥാനങ്ങളാണ് മാവോയിസ്റ്റുകളെ സഹായിക്കുന്നത്, ഇസ്‌ലാമിക തീവ്രവാദികൾ മാവോയിസ്റ്റുകളെ പ്രോത്സാഹിപ്പിക്കുന്നു' എന്ന സി.പി.എം കോഴിക്കോട് ജില്ലാ സെക്രട്ടറി മോഹനൻ മാസ്റ്ററുടെ പ്രസ്താവന വലിയ വിവാദങ്ങൾക്ക് തിരികൊളുത്തിയത് നാം കണ്ടു. കമ്യൂണിസ്റ്റ് കുടുംബത്തിലെ രണ്ട് മുസ്‌ലിം നാമധാരികളെ മാവോയിസ്റ്റ് ബന്ധത്തിന്റെ പേരിൽ പോലീസ് അറസ്റ്റ് ചെയ്യുകയും യു.എ.പി.എ ചാർജ് ചെയ്യുകയും ചെയ്തതിന്റെ പശ്ചാത്തലത്തിലാണ് ജില്ലാസെക്രട്ടറിയുടെ പ്രസ്താവന എന്നത് ചേർത്ത് വായിക്കുമ്പോഴാണ് ഈ പ്രസ്താവനയുടെ ആഴവും പരപ്പും ബോധ്യപ്പെടുക. കഴിഞ്ഞ വർഷം ഗെയിൽ പൈപ്പ്‌ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രതിഷേധങ്ങൾക്ക് പിന്നിലും 'ആറാം നൂറ്റാണ്ടിലെ പ്രത്യയശാസ്ത്ര പിന്നുറക്കാരായ തീവ്രവാദികളുടെ' സ്വാധീനം കണ്ടെത്തിയതും ഇതേ ജില്ലാകമ്മിറ്റിയായിരുന്നു. ആ പ്രസ്താവന തയ്യാറാക്കിയ മുൻ നക്സൽ നേതാവ് കെ.ടി കുഞ്ഞിക്കണ്ണൻ അതിന് വിശദീകരണവുമായി രംഗത്ത് വരികയും ചെയ്തു. മോഹനൻ മാസ്റ്ററുടെ പ്രസ്താവനക്ക് പിന്തുണയുമായി കുമ്മനം രാജശേഖരനും ബിജെ.പിയും രംഗത്ത് വരികയും ചെയ്തത് ഈ നിലപാടിൽ രണ്ട് കൂട്ടരും പുലർത്തുന്ന സാമ്യതയുടെ തെളിവാണ്. മുൻ പാലക്കാട് എം.പി എം.ബി രാജേഷും മുൻ കണ്ണൂർ ജില്ലാ സെക്രട്ടറി പി.ജയരാജനും അടക്കം പാർട്ടി നേതാക്കൾ പലരും ഇതിന് പിന്തുണയുമായി രംഗത്ത് വന്നു. സി.പി.എം നേതാക്കൾ ഇതാദ്യമല്ല ഇത്തരം പ്രസ്താവനകൾ നടത്തുന്നത്. മുൻ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ, എൽ.ഡി.എഫ് കൺവീനർ വിജയരാഘവൻ, മന്ത്രി കടകംപള്ളി സുരേന്ദ്രൻ തുടങ്ങി കേരളത്തിലെ കമ്യൂണിസ്റ്റ് നേതാക്കൾ ഇ

ത്തരം ആരോപണങ്ങൾ പലഘട്ടങ്ങളിലായി ഉന്നയിച്ചിട്ടുണ്ട്. ഇതിനെതിരെ പാർട്ടിക്ക് അകത്ത് നിന്ന് വലിയ പ്രതിഷേധങ്ങൾ ഉയരുകയും പതിവ് പോലെ വിശദീകരണവുമായി അവർ രംഗത്ത് വരികയും ചെയ്തു. ആ പ്രസ്താവനയിൽ ഉറച്ച് നിൽക്കുന്നെന്നും അത് മുസ്‌ലിം സമൂഹത്തെ മൊത്തം ഉദ്ദേശിച്ചല്ല, മറിച്ച് തീവ്രവാദ സംഘടനകളെ ഉദ്ദേശിച്ചാണെന്നും അവർ ന്യായീകരിച്ചു.

'സി.പി.എം സംഘപരിവാർ നാവായിത്തീരുന്നു' എന്നതിനെതിരെ സമൂഹത്തിന്റെ വിവിധ തുറകളിൽ നിന്നും വലിയ പ്രതിഷേധങ്ങൾ ഉണ്ടായി. മത-രാഷ്ട്രീയ വ്യത്യാസമില്ലാതെ പൊതുസമൂഹം കമ്യൂണിസ്റ്റ് പാർട്ടി നേതാക്കളിൽ നിന്നും ഇത്തരം പ്രസ്താവനകൾ ഉണ്ടാകുന്നതിനെ ശക്തമായി എതിർക്കുകയും സംഘപരിവാർ നയങ്ങൾ കടമെടുക്കുന്ന നയം കമ്യൂണിസ്റ്റ് പാർട്ടിയെ തകർക്കാൻ കാരണമാകും എന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തു.

തങ്ങളുടെ പാർട്ടി പ്രതിരോധത്തിലാകുന്ന സമയങ്ങളിൽ ഒരു സമുദായത്തെ താറടിച്ചു കാണിച്ച് മുഖം രക്ഷിക്കാനുള്ള ശ്രമം നീചമാണ്. കോഴിക്കോട് അറസ്റ്റിലായ രണ്ട് യുവാക്കളും കമ്യൂണിസ്റ്റ് പാർട്ടിയുടെ സജീവ പ്രവർത്തകരാണെന്നും അവർ അറസ്റ്റ് ചെയ്യപ്പെട്ടത് കമ്യൂണിസ്റ്റ് ആശയങ്ങളുടെ പേരിൽ തന്നെയാണെന്നുമിരിക്കെ മുസ്‌ലിം സമുദായത്തെ എന്തിന് ഈ വിവാദത്തിലേക്ക് വലിച്ചിഴച്ചു എന്നത് പാർട്ടി വ്യക്തമാക്കേണ്ടതാണ്. മതേതര പാർട്ടി എന്ന നിലയിൽ കേരളത്തിലെ കമ്യൂണിസ്റ്റ് പാർട്ടിയിലും വിവിധ മതവിഭാഗങ്ങളിൽ നിന്നുള്ളവർ ഉണ്ട് എന്നത് യാഥാർഥ്യമാണ്. തങ്ങളുടെ പ്രവർത്തകരും അനുഭാവികളും നിലകൊള്ളുന്ന മതത്തെ നിരന്തരം അന്യവൽക്കരിക്കാനുള്ള ശ്രമം പാർട്ടിയെയും അതിന്റെ പ്രവർത്തനങ്ങളെയും ദുർബലപ്പെടുത്തും എന്ന തിരിച്ചറിവ് നേതൃത്വത്തിന് ഉണ്ടായാൽ നല്ലത്. സാമൂഹ്യ മാധ്യമങ്ങളിൽ അടക്കം സജീവ പാർട്ടി പ്രവർത്തകർ ഈ നിലപാടിനെതിരെ ശക്തമായ പ്രതിഷേധം അറിയിച്ചത് നേതൃത്വം ഗൗരവത്തോടെ പരിഗണിക്കുകയും ഭാവിയിൽ ഇത്തരം നിരുത്തരവാദപരമായ പ്രസ്താവനകൾ ഉണ്ടാവാതിരിക്കാനുള്ള ജാഗ്രത പുലർത്തുകയും ചെയ്യുമെന്ന് പ്രത്യാശിക്കാം.

തീവ്രവാദം എന്നതിന്റെ നിർവചനം നിലപാടുകളിൽ തീവ്രത പുലർത്തുക എന്നതാണെങ്കിൽ, ലോകത്ത് മത,ജാതി,വർഗ,വർണ ഭേദമന്യെ എല്ലാവർക്കിടയിലും തീവ്ര നിലപാടുകാരെ കാണുവാൻ സാധിക്കും. അതല്ലല്ലോ പൊതുവിൽ തീവ്രവാദം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് വിഘാതമാകുന്നതും നിരപരാധികളുടെ ജീവനെടുക്കുന്നതുമായ അസഹിഷ്ണുതയുടെ ആദർശമാണ് തീവ്രവാദം എങ്കിൽ മതങ്ങളെക്കാൾ അതിൽ മുന്നിൽ നിൽക്കുന്ന പ്രത്യയശാസ്ത്രങ്ങളുണ്ട് എന്ന കാര്യം വിസ്മരിച്ചുകൂടാ. ലോകചരിത്രത്തിൽ ഇന്നേവരെ നടന്ന മനുഷ്യക്കുരുതികൾക്ക് പിന്നിൽ മതങ്ങളുടെ പങ്ക് തുലോം തുച്ഛമാണെന്നത് ചരിത്രത്തെ സത്യസന്ധമായി വായിക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കാവുന്ന യാഥാർഥ്യമാണ്.

സ്വന്തം അധികം നിലനിർത്താൻ രാഷ്ട്രീയ പാർട്ടികൾ ആയിരക്കണക്കിന് മനുഷ്യരെ കൊന്നുതള്ളിയിട്ടുണ്ട്. ലോക മഹായുദ്ധങ്ങൾ ദശലക്ഷക്കണക്കിന് മനുഷ്യജീവനുകളെയാണ് അപഹരിച്ചത്. ഒന്നാം ലോകമഹായുദ്ധത്തിൽ 90 ലക്ഷത്തിലധികം പോരാളികളും 70 ലക്ഷത്തിലധികം സാധാരണക്കാരും മരണപ്പെട്ടു. രണ്ടാം ലോകമഹായുദ്ധത്തിൽ 72 ദശലക്ഷം പേർ (ഇതിൽ 24 ദശലക്ഷവും സൈനികരായിരുന്നു) മരണമടഞ്ഞു.



മനുഷ്യക്കുരുതിക്ക് നേതൃത്വം നൽകിയ മാവോ സേ തൂങ്, സ്റ്റാലിൻ, ഹിറ്റ്ലർ, മുസോളിനി, ലിയോപോൾഡ്, ഹൈടെക്കി, ലെനിൻ, പോൾപോട്ട് തുടങ്ങിയവർ അതിർത്തികൾ വെട്ടിപ്പിടിക്കാനും അധികാരത്തിന് വേണ്ടിയുമായിരുന്നു ഈ നീചകൃത്യങ്ങൾ ചെയ്തത്. ഗ്വാണ്ടനാമോയും കോൺസൻട്രേഷൻ ക്യാമ്പുകളും പറയുന്ന കഥകൾ മറ്റൊന്നല്ല. മതത്തെ ഇത്തരം കാര്യങ്ങൾക്ക് വേണ്ടി മറയായി സ്വീകരിച്ചവരും ഉണ്ട്. പലപ്പോഴും മതവിശ്വാസികൾ ഇവരുടെ ഇരകളായി എന്നതാണ് യാഥാർഥ്യം. ഇതെല്ലം ചെയ്തത് മതത്തിന്റെ പേരിലോ മതപരമായ എന്തെങ്കിലും കാര്യങ്ങൾക്ക് വേണ്ടിയോ ആയിരുന്നില്ല. സ്വാർഥ താൽപര്യങ്ങളും അധികാരമോഹവും ആയിരുന്നു അവരെ ഇത്തരം ക്രൂരകൃത്യങ്ങൾക്ക് പ്രേരിപ്പിച്ചത്. ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബ് വർഷിച്ച് ആയിരങ്ങളുടെ ജീവൻ കവർന്നതും തലമുറകളോളം ഒരു ജനതയെ വൈകല്യങ്ങളിലേക്ക് തള്ളിവിട്ടതും ഇന്നും ജീവിച്ചിരിക്കുന്ന രക്തസാക്ഷികളെ സൃഷ്ടിച്ചതും ഏതെങ്കിലും മതത്തിന്റെ പേരിലായിരുന്നില്ല.

ലോകത്ത് നടന്ന വർഗീയ കലാപങ്ങൾ സത്യസന്ധമായി പരിശോധിച്ചാൽ രാഷ്ട്രീയ താൽപര്യങ്ങളായിരുന്നു യഥാർഥ പ്രചോദനം എന്ന് വ്യക്തമാകും. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നടന്ന വർഗീയ കലാപങ്ങളും രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ളവയായിരുന്നു എന്ന് കാണാനാകും. സംഘപരിവാർ സംഘടനകൾ രാഷ്ട്രിയ മുതലെടുപ്പിനായി വർഗീയ കലാപങ്ങൾക്ക് കോപ്പുകൂട്ടുകയും നടപ്പിലാക്കുകയും ചെയ്തത് അനിഷേധ്യമായ കാര്യമാണ്. ഗുജറാത്ത്, ഭീവണ്ടി, ഗോധ്ര, ജബൽപൂർ, മീററ്റ്, മലിയാന, ഭഗൽപൂർ, മുംബൈ, മുസാഫർനഗർ തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന കലാപങ്ങളുടെ കറുത്ത അധ്യായങ്ങൾക്ക് പിന്നിൽ സംഘപരിവാർ ശക്തികളായിരുന്നു. അതെല്ലാം രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയവയുമായിരുന്നു. ഇതിലെല്ലാം ഇരയാക്കപ്പെട്ടത് മുസ്ലിം സമൂഹമായിരുന്നു എന്ന വസ്തുതക്ക് മുന്നിൽ കണ്ണടയ്ക്കാൻ ആർക്കാണ് സാധിക്കുക?

ഇന്ത്യയിലെ സമാധാന ജീവിതം തകർക്കുന്ന തീവ്രവാദ പട്ടികയിൽ മുൻപന്തിയിലുള്ളത് മാവോയിസ്റ്റുകളാണ്. നക്സൽ പ്രസ്ഥാനങ്ങളുടെ ഭീഷണി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളും കേന്ദ്ര സർക്കാറും വളരെ കാലമായി നേരിടുന്ന വലിയ സുരക്ഷാ പ്രശ്നം തന്നെയാണ്. കമ്യൂണിസ്റ്റ് നേതാവ് മാവോ സേതൂങാണ് ഇവരുടെ ആചാര്യൻ. ചൈനീസ് കമ്യൂണിസ്റ്റ് വിപ്ലവകാരി, ഗറില്ലാ യുദ്ധതന്ത്രജ്ഞൻ, മാർക്സിസ്റ്റ് ചിന്തകൻ എന്നീ നിലകളിൽ പ്രശസ്തനാണ് മാവോ സേതൂങ്ങ് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ തലവനും ജനകീയ ചൈനയുടെ സ്ഥാപകനും മുൻ ഭരണാധികാരിയുമായിരുന്നു ഇദ്ദേഹം.

ഇന്ത്യൻ കമ്യൂണിസ്റ്റു പ്രസ്ഥാനത്തിലെ ചൈനാ-സോവിയറ്റ് പിളർപ്പിന് ശേഷമുരുത്തിരിഞ്ഞ തീവ്ര കമ്യൂണിസ്റ്റ് ഗ്രൂപ്പുകളെ പൊതുവായി വിളിക്കുന്ന നാമമാണ് നക്സലൈറ്റുകൾ അല്ലെങ്കിൽ നക്സലുകൾ എന്നത്. പ്രത്യയശാസ്ത്രപരമായി അവർ മാവോയിസമാണ് പിന്തുടരുന്നത്. പശ്ചിമ ബംഗാളിലാണ് നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ തുടക്കം. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഇന്ത്യയുടെ മധ്യ, പൗരസ്ത്യ ഭാഗത്തെ അവികസിത ദേശങ്ങളിൽ പ്രത്യേകിച്ചും ആന്ധ്രാപ്രദേശ്, ഛത്തീസ്ഗഢ് എന്നിവിടങ്ങളിൽ നക്സൽ സാന്നിധ്യം സജീവമായി. തമിഴ്നാട്, കേരളം പോലുള്ള സംസ്ഥാനങ്ങളിലെ നക്സൽ സാന്നിധ്യം സർക്കാരുകൾ വളരെ ഗൗരവത്തോടെ തന്നെ കാണുകയും ചെയ്യുന്നു.

കമ്യൂണിസ്സ് ആശയങ്ങളിൽ നിന്നാണ് നക്സലിസവും മാവോയിസവും അടക്കമുള്ള തീവ്രവാദ പ്രസ്ഥാനങ്ങൾ രൂപപ്പെട്ടതും പ്രചോദനം ഉൾക്കൊണ്ടതും. മതങ്ങളല്ല, മറിച്ച് ഇത്തരം ആശയ ധാരകളാണ് കടുത്ത തീവ്രവാദ പ്രസ്ഥാനങ്ങൾ എന്നത് ഒരു യാഥാർഥ്യമാണ്. ഇന്ത്യ നേരിടുന്ന എറ്റവും വലിയ ഭീഷണി മാവോയിസ്റ്റുകളാണെന്ന് മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരിക്കെ പ്രസ്താവിച്ചത് ഓർത്തുപോകുന്നു.

കേരളത്തിന്റെ കാര്യമെടുക്കുക. കേരള മണ്ണിൽ രാഷ്ട്രീയ അക്രമങ്ങൾ ഒട്ടേറെ മനുഷ്യ ജീവനുകളെ കവർന്നെടുത്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ കൊലപാതകങ്ങളിൽ കമ്യൂണിസ്റ്റ് പാർട്ടിക്കും സംഘപരിവാറിനുമുള്ള പങ്ക് ആർക്കാണ് നിഷേധിക്കാനാവുക? മാറാട്, നാദാപുരം, തലശ്ശേരി, പൂന്തുറ കലാപങ്ങളിൽ മതവിശ്വാസികൾ രാഷ്ട്രീയ ദുഷ്ടലാക്കിന് ഇരകളാവുകയായിരുന്നു എന്നതല്ലേ സത്യം?

കമ്യൂണിസ്റ്റ് നേതാവ് ടി.പി ചന്ദ്രശേഖരനെ കൊല്ലാൻ അക്രമികൾ വന്ന ഇന്നോവയുടെ പുറകിൽ 'മാഷാ അല്ലാഹ്' എന്ന സ്റ്റിക്കർ ഒട്ടിച്ച് കൊലപാതകം മുസ്ലിം സമൂഹത്തിന്റെ തലയിൽ കെട്ടിവെക്കാനുള്ള നീചശ്രമം വരെ നമ്മുടെ നാട്ടിൽ നടക്കുകയുണ്ടായി. ഈ കൊലപാതക കേസിൽ അറസ്റ്റ്

ചെയ്യപ്പെടുകയും ജയിൽ വാസം അനുഭവിക്കുകയും ചെയ്ത മോഹനൻ മാസ്റ്റർ തന്നെയാണ് മുസ്‌ലിം സമൂഹത്തെ മൊത്തം പ്രതിസ്ഥാനത്ത് നിർത്തുന്ന പ്രസ്താവന നടത്തിയിട്ടുള്ളത് എന്നത് വിരോധാഭാസമാണ്. ടി.പി കൊല്ലപ്പെട്ടപ്പോൾ മുതൽ ആ കൊലപാതകത്തിന്റെ ക്രൂരത കേരളം മുഴുവർ ചർച്ച ചെയ്തതുമാണ്. 51 വെട്ടുകൾ ആ മൃതദേഹത്തിൽ ഉണ്ടായിരുന്നു എന്നാണ് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പറയുന്നത്.

കേരളത്തിൽ നടന്ന അതിക്രൂരമായ രാഷ്ട്രീയ കൊലപാതകങ്ങളിലെ പ്രതികൾക്ക് സംരക്ഷണം നൽകാനും അവരുടെ കുടുംബത്തെ പോറ്റാനും അനധികൃത പരോൾ നൽകാനും രാഷ്ട്രീയ-ഭരണകൂട നേതൃത്വങ്ങൾ തയ്യാറാകുന്നത് ഇത്തരം കൊലപാതകങ്ങൾ ആവർത്തിക്കാൻ കാരണമായിത്തീരുന്നു. ഒരു മത സംഘടനയും ഇത്തരം ക്രൂരന്മാർക്ക് തണലൊരുക്കാൻ ഇന്നേവരെ മുന്നോട്ട് വന്നിട്ടില്ല എന്ന് മാത്രമല്ല അങ്ങനെയുള്ളവരെ തള്ളിപ്പറയാനും അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് ശിക്ഷ ഉറപ്പാക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ഇതൊക്കെ മനസ്സിലാക്കുന്ന മലയാളിക്ക് ആരാണ് മനുഷ്യക്കുരുതിക്ക് പിന്നിൽ എന്ന് തിരിച്ചറിയാൻ കൂടുതൽ ആലോചിക്കേണ്ടതില്ല.

യഥാർഥ മുസ്‌ലിമിന് തീവ്രവാദിയാകാനോ അതിനെ ഏതെങ്കിലും നിലയ്ക്ക് പിന്തുണക്കാനോ സാധ്യമല്ല. മനുഷ്യഹത്യയെ വലിയ പാപമായിട്ടാണ് ഇസ്‌ലാം കാണുന്നത്. അല്ലാഹു പറയുന്നു:

“അക്കാരണത്താൽ ഇസ്‌റാഈൽ സന്തതികൾക്ക് നാം ഇപ്രകാരം വിധി നൽകുകയുണ്ടായി: മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു. നമ്മുടെ ദൂതൻമാർ വ്യക്തമായ തെളിവുകളുമായി അവരുടെ (ഇസ്‌റാഈല്യരുടെ) അടുത്ത് ചെന്നിട്ടുണ്ട്. എന്നിട്ട് അതിനു ശേഷം അവരിൽ ധാരാളം പേർ ഭൂമിയിൽ അതിക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്”(ക്വുർആൻ 5:32).

ഒളിപ്പോരുകളും ചാവേർ ആക്രമണങ്ങളും ബോംബ് സ്ഫോടനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന തീവ്രവാദികൾക്ക് മതത്തിന്റെ യാതൊരു പിന്തുണയുമില്ല എന്ന യാഥാർഥ്യം ലോകം തിരിച്ചറിയേണ്ടതുണ്ട്. അക്രമികൾക്ക് ശക്തമായ താക്കീത് ക്വുർആൻ നൽകുന്നുണ്ട്:

“നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു. ആരെങ്കിലും അതിക്രമമായും അന്യായമായും അങ്ങനെ ചെയ്യുന്ന പക്ഷം നാമവനെ നരകാഗ്നിയിലിട്ട് കരിക്കുന്നതാണ്. അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമാകുന്നു” (4:29,30).

ഈ അധ്യാപനങ്ങൾ ഉൾക്കൊള്ളുന്നവരാണ് യഥാർഥ വിശ്വാസികൾ. അല്ലാഹുവിന്റെ നിയമ നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർ ഇഹപരലോകത്തെ സ്വയം നഷ്ടപ്പെടുത്തുന്ന മൂഢന്മാരാണെന്ന തിരിച്ചറിവ് വിശ്വാസി സമൂഹത്തിനുണ്ട്. അതുകൊണ്ട് തന്നെ തീവ്രവാദ പ്രവർത്തനങ്ങളെ നമ്മുടെ നാട്ടിലെ ഒരു മത സംഘടനയും പിന്തുണക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്തിട്ടില്ല. മറിച്ച് അതിനെ ചെറുത്ത് തോൽപിക്കാനുള്ള ആർജവം കാണിക്കുകയാണ് ചെയ്തിട്ടുള്ളത്. സത്യത്തിന് നേരെ കണ്ണടക്കുന്ന പ്രവണത വിവേകമുള്ള പൊതുപ്രവർത്തകർക്ക് ചേർന്നതല്ല.

ഇസ്‌ലാമിക വസ്ത്രധാരണ രീതിയെ ക്രൂരമായി ആക്ഷേപിക്കാൻ നിരന്തരം പരിശ്രമിക്കുന്ന വിദ്യാർഥി സംഘടന, ഓക്കി ചുഴലിക്കാറ്റ് വന്നപ്പോൾ എവിടെയായിരുന്നു നിങ്ങളുടെ കോപ്പിലെ ദൈവം എന്ന് പൊതുസമ്മേളനത്തിൽ ആക്രോശിക്കുന്ന യുവജന നേതാക്കൾ, സ്ത്രീ സ്വാതന്ത്ര്യത്തിന്റെ മറവിൽ മതാചാരങ്ങളെ തകർക്കാൻ വെമ്പൽ കൊള്ളുന്ന വനിതാ സംഘടന, നിരന്തരം മതവിശ്വാസികളെ അന്യവൽക്കരിക്കാൻ പ്രസ്താവനകൾ പുറപ്പെടുവിക്കുന്ന ബഹുജന സംഘടന... കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ മതേതര കേരളത്തിലാണ് എന്നത് മറക്കുന്നുവോ? അടിമുടി ബാധിച്ച ഈ മഹാരോഗത്തെ ചികിത്സിക്കാതെ പോയാൽ അത് വലിയ ദുരന്തങ്ങൾക്ക് വഴിവെക്കും എന്നത് തിരിച്ചറിയാതെ പോകരുത്. ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ ന്യൂനപക്ഷ വേട്ടക്ക് തക്കം പാർത്തിരിക്കുന്ന വർഗീയ കോമരങ്ങൾക്ക് വടികൊടുക്കുന്ന പ്രവർത്തനങ്ങളിൽ നിന്നും ഇടപെടലുകളിൽ നിന്നും മാറിനിൽക്കാനുള്ള വിവേകം കേരളത്തിലെ മുഴുവൻ രാഷ്ട്രീയ പ്രസ്ഥാനങ്ങളും കാണിക്കേണ്ടതുണ്ട്. ●

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com



# ഇസ്‌ലാം മുസ്‌ലിംകളുടേത് മാത്രമോ?

**വി**ശുദ്ധ ക്വുർആനിലെ അവസാനത്തെ അധ്യായമായ സൂറതുന്നാസ്സിൽ അല്ലാഹു പറയുന്നു: "പറയുക: മനുഷ്യരുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു. മനുഷ്യരുടെ രാജാവിനോട്. മനുഷ്യരുടെ ദൈവത്തോട്" (114:1-3).

ഈ വചനങ്ങളിലൂടെ കടന്നുപോകുമ്പോൾ നാം കാണുന്ന ഒരു അത്ഭുതകരമായ ആശയമുണ്ട്. രക്ഷിതാവിനോട് എന്ന് പറയുന്നിടത്ത് മനുഷ്യരുടെ രക്ഷിതാവ് എന്നും രാജാവിനോട് എന്ന് പറയുന്നിടത്ത് മനുഷ്യരുടെ രാജാവ് എന്നും ദൈവത്തോട് എന്ന് പറയുന്നിടത്ത് മനുഷ്യരുടെ ദൈവത്തോട് എന്നും പറയുന്നു. ഭൂമിയിലെ ഏതെങ്കിലും ജനവിഭാഗത്തെയോ നാടിനെയോ സൂചിപ്പിക്കാതെ ഭൂമുഖത്തുള്ള മുഴുവൻ മനുഷ്യരെയും ഉൾകൊള്ളിച്ചു കൊണ്ടുള്ള ആ പദപ്രയോഗം എത്ര മാത്രം ശ്രദ്ധേയമാണ്. ക്വുർആൻ മാനവർക്കു മുന്നിൽ സമർപ്പിക്കുന്ന മഹത്തായ സന്ദേശമാണ് ഇത്. ഇസ്‌ലാം പരിചയപ്പെടുത്തുന്ന ആരാധ്യൻ മനുഷ്യരുടെ രക്ഷിതാവും രാജാവും ദൈവവുമായ അല്ലാഹുവാണ്.

ക്വുർആനിലെ രണ്ടാം അധ്യായമായ അൽബക്വറയിലെ 185ാം വചനത്തിൽ അല്ലാഹു പറയുന്നു: "ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളുമായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ..."

ഇതിൽ ദൈവിക ഗ്രന്ഥമായ പരിശുദ്ധ ക്വുർആൻ മുസ്‌ലിംകൾക്കോ അറബികൾക്കോ മാർഗദർശനമാണ് എന്നല്ല; മറിച്ച് ലോകത്തുള്ള മുഴുവൻ മനുഷ്യർക്കും മാർഗദർശനമാണ് എന്നാണ് അല്ലാഹു പറയുന്നത്.

ക്വുർആനിലെ 7ാം അധ്യായമായ അൽഅഅ്റാഫിലെ 158ാം വചനത്തിൽ അല്ലാഹു പറയുന്നു: "പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങൾ എല്ലാവരിലേക്കുമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു."

അഥവാ മഹാനായ മുഹമ്മദ് നബിﷺ മുഴുവൻ മനുഷ്യരിലേക്കുമുള്ള ദൂതനാണ്; ഏതെങ്കിലും പ്രത്യേക വിഭാഗത്തിലേക്കോ സമൂഹത്തിലേക്കോ മാത്രമുള്ള പ്രവാചകനല്ല എന്ന് ഈ വചനം പഠിപ്പിക്കുന്നു.

വിശുദ്ധ ക്വുർആനിലെ മേൽപറഞ്ഞ മൂന്ന് വചനങ്ങളിലൂടെ കടന്നു പോയാൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന ഒരു കാര്യമുണ്ട്; ഇതര മതവിഭാഗങ്ങൾക്ക് പ്രത്യേകം ആരാധ്യന്മാരുള്ളത് പോലെ മുസ്‌ലിംകളുടെ ആരാധ്യൻ മാത്രമാണ് അല്ലാഹു എന്ന് വല്ല മുസ്‌ലിമും കരുതുന്നുവെങ്കിൽ ആ ധാരണ തെറ്റാണ് എന്ന കാര്യമാണത്. അതുപോലെ അല്ലാഹു എന്നാൽ മുസ്‌ലിംകൾക്ക് മാത്രം പ്രാർഥിക്കാനുള്ള ദൈവമാണ് എന്ന അമുസ്‌ലിം സഹോദരങ്ങളുടെ ധാരണയെയും ഈ വചനങ്ങൾ തിരുത്തുന്നു. ഇസ്‌ലാം പരിചയപ്പെടുത്തുന്നത് സകല മനുഷ്യരുടെയും ആരാധ്യനും രക്ഷിതാവും രാജാവുമായ സ്രഷ്ടാവിനെയാണ്. ഇത് തന്നെയാണ് വിശുദ്ധ വേദഗ്രന്ഥമായ ക്വുർആനിന്റെ കാര്യവും. അഥവാ മനുഷ്യരാശിക്കു മുഴുവനും വഴികാട്ടിയായാണ് ക്വുർആനിന്റെ അവതരണം. നമ്മെ സൃഷ്ടിച്ച നാഥൻ നമുക്കെല്ലാവർക്കും പഠിച്ചു മനസ്സിലാക്കി സത്യം കണ്ടെത്താൻ അവതരിപ്പിച്ച വേദഗ്രന്ഥം. മുഹമ്മദ് നബിﷺയും അങ്ങനെ തന്നെ. അദ്ദേഹം സകല മനുഷ്യരിലേക്കുമുള്ള അല്ലാഹുവിന്റെ ദൂതനാണ്.

മുസ്‌ലിംകൾ അല്ലാത്തവരോട് പറയാനുള്ളത് ഈ വേദഗ്രന്ഥത്തെ 'അത് മുസ്‌ലിംകൾക്ക് മാത്രമുള്ളതാണ്' എന്നു പറഞ്ഞ് നിങ്ങൾ അവഗണിക്കരുത് എന്നാണ്. കാരണം ക്വുർആൻ സ്വയം പ്രഖ്യാപിക്കുന്നത് തന്നെ ഈ ഗ്രന്ഥം മുഴുവൻ മനുഷ്യർക്ക് വേണ്ടിയുള്ളതാണ് എന്നാണ്. മുഹമ്മദ് നബിﷺ അറേബ്യയിലെ മുസ്‌ലിംകൾക്കിടയിലേക്ക് മാത്രം വന്ന പ്രവാചകനല്ലേ, ഞങ്ങൾ എന്തിന് അദ്ദേഹത്തെ ശ്രദ്ധിക്കണം എന്ന് ഒരു അമുസ്‌ലിം സഹോദരനും മുഹമ്മദ് നബിﷺ ഞങ്ങളുടെ മാത്രം നബിയാണ് അതുകൊണ്ട് ഞങ്ങൾ എന്തിനു അദ്ദേഹത്തെ കുറിച്ച് മറ്റുള്ളവരോട് പറയണം എന്ന് മുസ്‌ലിംകളും കരുതാൻ പാടില്ല. ഇസ്‌ലാം പരിചയപ്പെത്തുന്ന ദൈവത്തെയും മുഹമ്മദ്ﷺ എന്ന പ്രവാചകനെയും ദൈവിക ഗ്രന്ഥമായ വിശുദ്ധ ക്വുർആനിനെയും കുറിച്ച് പഠനം നടത്താൻ നാം തയാറാവുക. അപ്പോൾ സങ്കുചിതത്വങ്ങളിൽ നിന്ന് മാറി നിന്നുകൊണ്ടുള്ള ഒരു ശരിയായ നിലപാടിലേക്കും കാഴ്ചപ്പാടിലേക്കും എത്തുവാൻ നമുക്ക് സാധിക്കും.

മതത്തിന്റെയും ദൈവത്തിന്റെയും പ്രവാചകന്മാരുടെയും പേരിലുള്ള കലഹങ്ങൾക്കപ്പുറത്ത് ഐക്യത്തിന്റെയും സമാധാനത്തിന്റെയും പുതിയ വാതിലുകൾ തുറക്കാൻ ഇത്തരം പഠനങ്ങൾ നമ്മെ സഹായിക്കും എന്ന യാഥാർഥ്യം നാം മനസ്സിലാക്കുക. സർവശക്തൻ അനുഗ്രഹിക്കട്ടെ. ●

ശരീഫ് കാര
mail@nerpatham.com

# ആരെന്ന് പറയാമോ?



കുഞ്ഞിക്കിളിയേ കുഞ്ഞിക്കിളിയേ ചൊല്ലാമോ
കൗതുകമേറും വർണം തന്നവനാരാണ്?
പാടാം ഞാൻ പറയാം ഞാൻ
അവനാണവനാണല്ലാഹു
അവനാണേകൻ അല്ലാഹു!

പൂവേ പൂന്തേൻ നൽകും പൂവേ ചൊല്ലാമോ
നിന്നിൽ മധുരത്തേന് നിറച്ചവനാരാണ്?
പാടാം ഞാൻ പറയാം ഞാൻ
അവനാണവനാണല്ലാഹു
അവനാണേകൻ അല്ലാഹു!

കളകള നാദമിലൊഴുകും പുഴയേ ചൊല്ലാമോ
നിന്നിൽ നിറയെ വെള്ളം തീർത്തവനാരാണ്?
പാടാം ഞാൻ പറയാം ഞാൻ
അവനാണവാനാണല്ലാഹു
അവനാണേകൻ അല്ലാഹു!

വെയിലും ചൂടും നൽകും സൂര്യാ ചൊല്ലാമോ
വിണ്ണിൽ നിന്നെ സ്ഥാപിച്ചുള്ളവനാരാണ്?
പാടാം ഞാൻ പറയാം ഞാൻ
അവനാണവനാണല്ലാഹു
അവനാണേകൻ അല്ലാഹു!

തണലും കായും നൽകും മരമേ ചൊല്ലാമോ
മധുരപ്പഴമതു നിന്നിൽ തന്നവനാരാണ്?
പാടാം ഞാൻ പറയാം ഞാൻ
അവനാണവനാണല്ലാഹു
അവനാണേകൻ അല്ലാഹു!

ടി.കെ.അശ്റഫ്
tkashraf100@gmail.com






# പ്രബോധനം 'ആത്മരക്ഷക്ക്'

ഇസ്‌ലാമിക പ്രബോധനത്തിന്റെ പ്രചോദനം ആത്മരക്ഷയാണ്. പരലോകത്ത് രക്ഷപ്പെടാൻ വിശ്വാസവും പ്രവർത്തനങ്ങളും മാത്രം മതിയാകില്ല. സത്യവും സഹനശേഷിയും സ്വയം ഉൾക്കൊള്ളുകയും അതിനായി പരസ്പരം ഉപദേശിക്കുകയും കൂടി ചെയ്യുമ്പോൾ മാത്രമെ നഷ്ടത്തിൽ നിന്ന് പൂർണമായി രക്ഷപ്പെടുകയുള്ളൂ. അല്ലാഹു പറയുന്നത് നോക്കൂ:

"കാലം തന്നെയാണ് സത്യം. തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ" (ക്വുർആൻ: 103:1-3).

ക്വുർആനും സുന്നത്തും സച്ചരിതരായ മുൻഗാമികളുടെ (സലഫുകളുടെ) മാർഗവും അവംബിച്ചുകൊണ്ട് മുന്നേറുന്ന ഒരു വിഭാഗം ലോകാവസാനംവരെ ഇവിടെ നിലനിൽക്കുമെന്നത് നബിﷺയുടെ പ്രവചനമാണ്. പണ്ഡിതന്മാർ 'അൽ ജമാഅ' എന്നാണ് ആ വിഭാഗത്തെ പരിചയപ്പെടുത്തിയ പേരുകളിലൊന്ന്. അതിനോടൊപ്പം ചേർന്നുനിൽക്കൽ വിശ്വാസികളുടെ ബാധ്യതയാണ്.

ക്വുർആൻ ഇക്കാര്യം  പഠിപ്പിക്കുന്നുണ്ട്: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും സത്യവാന്മാരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക" (9:119).

സത്യമത പ്രബോധനം സംഘടിതമായി നിർവഹിക്കുമ്പോഴാണ് കൂടുതൽ സൽഫലങ്ങളും സുതാര്യതയും ഉണ്ടാകുന്നത്. നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യാൻ സംഘടിക്കുമ്പോൾ അത് ഒരു നേതൃത്വത്തിന്റെ കീഴിലായിരിക്കണമെന്നാണ് ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നത്.

മതനിരപേക്ഷ രാജ്യമായ ഇന്ത്യയിൽ ഭരണഘടന പൗരന്മാർക്ക് നൽകുന്ന അവകാശങ്ങളിൽ പെട്ടതാണ് മതപ്രബോധന സ്വാതന്ത്ര്യവും.

രാജ്യത്തെ സൊസൈറ്റി ആക്ട് പ്രകാരമുള്ള നിയമങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം സംഘംചേർന്ന് പ്രവർത്തിക്കേണ്ടത്. അതുകൊണ്ട് പ്രത്യേക ഭരണഘടനയും ചട്ടങ്ങളും സംഘടനക്ക് അത്യാവശ്യമായി വരുന്നു. സംഘടനയിൽ ചേർന്ന് പ്രവർത്തിക്കുന്നത് ഔദാര്യമോ സേവനമോ അല്ല എന്നും പരലോക നഷ്ടത്തിൽ നിന്ന് സ്വയം രക്ഷപ്പെടാനുള്ള ഉത്തരവാദിത്ത നിർവഹണമാണ് എന്നും നാം മനസ്സിലാക്കേണ്ടതുണ്ട്.

പരലോക രക്ഷക്കുവേണ്ടി നാം സംഘടനയെ ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. വിവിധ കഴിവുകളുടെ സംയോജനമാണ് സംഘടനയിലൂടെ നടക്കുന്നത്. അറിവും സംഘാടനവും സമ്പത്തും മനുഷ്യവിഭവശേഷിയും ചിതറിക്കിടന്നാൽ പ്രബോധനരംഗത്ത് വ്യക്തികൾക്ക് പരിമിതമായ ചില കാര്യങ്ങളല്ലാതെ കൂടുതലൊന്നും ചെയ്യാനാവില്ല. എന്നാൽ, അതെല്ലാം കൂട്ടിയോജിപ്പിക്കുമ്പോൾ വമ്പിച്ച മുന്നേറ്റം സാധ്യമാകും. ഓരോരുത്തരുടെയും കഴിവുകൾ സംയോജിപ്പിച്ച് പ്രയോഗവത്കരിക്കാൻ സംഘടനയാകുന്ന പ്ലാറ്റ്ഫോം അനിവാര്യമാണ്.

നാം വാഹനത്തിൽ യാത്ര ചെയ്യുന്നത് ഉടമസ്ഥന് വേണ്ടിയോ ജോലിക്കാർക്ക് വേണ്ടിയോ അല്ല; നമ്മുടെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാനാണ്.

ഇതുപോലെ സംഘടനയിലെ ഭാരവാഹികൾക്ക് വേണ്ടിയല്ല നാം പ്രവർത്തിക്കുന്നത്. നമ്മുടെ പരലോക രക്ഷക്കായി പ്രബോധനമെന്ന ബാധ്യത നിർവഹിക്കുകയാണ്. ഒരാൾ സംഘടനയിൽ ചേരുന്നതിന്റെ ഗുണവും അതിൽനിന്ന് വിട്ടു നിൽക്കുന്നതിന്റെ ദോഷവും ആത്യന്തികമായി അയാൾക്ക് തന്നെയാണ്.

നമ്മുടെ ബാധ്യത നിർവഹിക്കുമ്പോൾ ജനങ്ങൾ സത്യം ഉൾക്കൊള്ളുന്നത് സ്വാഭാവികമായി സംഭവിക്കുന്ന ഒന്നാണ്. അതിലൂടെ പ്രസ്ഥാനം വളർന്നു പന്തലിക്കും. നമ്മുടെ പ്രബോധനത്തിലൂടെ ഒരാൾപോലും ആദർശം സ്വീകരിച്ചില്ലെങ്കിലും നാം പ്രയത്നിച്ചതിന്റെ പ്രതിഫലം നമുക്ക് അല്ലാഹുവിങ്കൽനിന്ന് ലഭിക്കും.

ബനൂ ഇസ്‌റാഈല്യരിലെ ഒരു വിഭാഗം, ശബ്ബത്ത് നാളിൽ പാലിക്കാൻ അല്ലാഹു നൽകിയ വിധി ലംഘിച്ചുകൊണ്ട് മീൻ പിടിക്കാനൊരുങ്ങിയപ്പോൾ ഉറച്ച വിശ്വാസമുള്ളവർ അവരെ ഗുണദോഷിച്ചു. അല്ലാഹുവിന്റെ വിധി വിലക്കുകൾ അതിലംഘിക്കുന്നതിലുള്ള അപകടം ചൂണ്ടിക്കാട്ടി. എന്നാൽ ഒരു വിഭാഗത്തിന് ഈ ഉപദേശം അനാവശ്യമാണെന്ന് തോന്നി. കുറ്റവാളികളെ അല്ലാഹു ശിക്ഷിച്ചുകൊള്ളുമല്ലോ, നമ്മളെന്തിന് അതിലിടപെടണം എന്നായിരുന്നു അവരുടെ നിലപാട്. ഈ ചോദ്യത്തിന് വിശ്വാസികൾ നൽകിയ മറുപടി ഇപ്രകാരമായിരുന്നു.

"നിങ്ങളുടെ രക്ഷിതാവിങ്കൽ(ഞങ്ങൾ) അപരാധത്തിൽ നിന്ന് ഒഴിവാകുന്നതിന് വേണ്ടിയാണ്. ഒരു വേള അവർ സൂക്ഷ്മത പാലിച്ചുവെന്നും വരാമല്ലൊ" (7:164).

തിന്മ വിരോധിക്കാതിരുന്നാൽ അല്ലാഹുവിന്റെ മുമ്പിൽ നാം മറുപടി പറയേണ്ടിവരുമെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. പ്രബോധനം സ്വന്തം കാര്യമാണെന്ന് ബോധ്യപ്പെടുമ്പോൾ, തടസ്സവാദങ്ങൾ നിരത്തി മാറിനിൽക്കുകയില്ല. പ്രബോധന രംഗത്തെ പ്രതിബന്ധങ്ങൾ സ്വയം തട്ടിമാറ്റി ബാധ്യത നിർവഹണ രംഗത്ത് നാം സ്വയം മുന്നേറും.

ഓരോരുത്തരും അവരവരുടെ വിശ്വാസവും ആചാരവും സ്വീകരിച്ച് ജീവിച്ചാൽ മതി, അതിലേക്ക് മറ്റുള്ളവരെ ക്ഷണിക്കേണ്ടതില്ല എന്ന് വാദിക്കുന്നവരുണ്ട്. ഇത് ശരിയായ നിലപാടല്ല. മറ്റുള്ളവർക്ക് കൂടി ഇസ്‌ലാമിക സന്ദേശം പകർന്നു നൽകാൻ ശ്രമിക്കുക എന്നത് വിശ്വാസിയുടെ ബാധ്യതയാണ്. അതിന് ശ്രമിക്കാതിരിക്കുന്നത് കുറ്റകരമായ കാര്യമാണ്. മറ്റൊരാളെ സത്യപാതയിലേക്ക് ക്ഷണിക്കുന്നത് അയാളോടുള്ള സ്നേഹം കൊണ്ടാണ്. താൻ സ്വീകരിച്ച സന്ദേശം മറ്റുള്ളവരും ഉൾക്കൊള്ളുന്നതിലൂടെ സ്വർഗ പ്രവേശം സാധ്യമാകട്ടെയെന്ന അടങ്ങാത്ത ആഗ്രഹമാണ് ഒരു വിശ്വാസിയെ പ്രബോധകനാക്കുന്നത്. മതം മറ്റൊരാൾക്ക് പകർന്ന് നൽകാൻ നമ്മുടെ രാജ്യം അനുവാദം നൽകുകയും ചെയ്യുന്നുണ്ട്. തന്റെ മതത്തിലേക്ക് ക്ഷണിക്കുന്നതല്ല; നിർബന്ധിക്കുന്നതാണ് കുഴപ്പങ്ങൾക്ക് കാരണമാവുക. ബലപ്രയോഗത്തിലൂടെയുള്ള പരിവർത്തനശ്രമം വിലക്കിയ മതമാണ് ഇസ്‌ലാം. മാറ്റം ആദ്യം മനസ്സിലാണ് വേണ്ടത്. മതപ്രബോധനം ആത്മരക്ഷയുടെ മാർഗമായതുകൊണ്ടാണ് ഇസ്‌ലാമിക പ്രബോധകർ അനുസ്യൂതം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ●

ശമീർ മദീനി
shameermadeeni@gmail.com

ലേഖനം



# വിശുദ്ധ ക്വുർആനും ആദ്യതലമുറയും

മനുഷ്യന് പലതരത്തിലുള്ള കഴിവുകളും ശേഷികളുമുണ്ട്. പറവയെപ്പോലെ അന്തരീക്ഷത്തിലൂടെ പറക്കുവാനും മത്സ്യങ്ങളെപ്പോലെ ആഴിയിലൂടെ നീന്തുവാനും പലതരത്തിലുള്ള യന്ത്രസാമഗ്രികളുടെ സഹായത്തോടെയാണെങ്കിലും മനുഷ്യന് സാധിക്കും. പലനിലയ്ക്കുള്ള പുരോഗതികളും മനുഷ്യൻ കൈവരിച്ചതിന് ചരിത്രം സാക്ഷിയാണ്. എന്നാൽ മനുഷ്യൻ ഒരു നിലയ്ക്കും പരിപൂർണനല്ല എന്നത് അഹങ്കാരത്തിന്റെ കറപുരളാത്ത മനസ്സിന്റെ ഉടമയായ ഒരാളും നിഷേധിക്കുമെന്ന് തോന്നുന്നില്ല. മനുഷ്യന്റെ ശേഷിയെക്കാൾ പതിന്മടങ്ങ് മികച്ചുനിൽക്കുന്ന ശേഷികളുള്ള എത്രയോ ജീവജാലങ്ങൾ മനുഷ്യന് ചുറ്റുമുണ്ട്. കായിക ബലത്തിലും കാഴ്ച ശക്തിയിലും ഘ്രാണ ശേഷിയിലും കേൾവി ശക്തിയിലുമൊക്കെ മനുഷ്യനെക്കാൾ മികവുപുലവർത്തുന്നവയാണ് ആനയും പരുന്തും നായയും ചീവീടുമൊക്കെ.


അപ്രകാരം തന്നെ നന്മ-തിന്മകളെ വ്യവഛേദിക്കുവാനോ കൃത്യമായി നിർവചിക്കുവാനോ മനുഷ്യൻ അശക്തനാണ്. ഒരു മനുഷ്യക്കുഞ്ഞ് പിറന്നുവീഴുന്നതു മുതൽ മ

രിച്ച് പോകുന്നതുവരെയുള്ള ജീവിതത്തിലെ ഓരോ ഘട്ടത്തിലും പ്രത്യേക സന്ദർഭങ്ങളിലും എന്തൊക്കെയാണ് ചെയ്യേണ്ടതെന്നും എങ്ങനെയെല്ലാമാണ് ചെയ്യേണ്ടതെന്നും വിശദീകരിച്ചു പറയാൻ മനുഷ്യൻ അശക്തനാണ്.

അഥവാ ആരെങ്കിലും അത്തരമൊരു നിയമനിർമാണത്തിനോ വിശദീകരണത്തിനോ മുതിർന്നാൽ തന്നെ അവരുടേതായ വ്യക്തിപരവും നാടിന്റെയും വളർന്ന സാഹചര്യങ്ങളുടെയുമൊക്കെ സ്വാധീനം അതിലുണ്ടാകുമെന്നതും ഉറപ്പാണ്. കാരണം, സ്ഥലകാല ബന്ധിതമായ ഈ ലോകത്ത് ജീവിക്കുന്ന മനുഷ്യന് അത്തരത്തിലല്ലാത്ത ഒന്ന് ആവിഷ്കരിക്കുക അസാധ്യമാണ്. അറിവിന്റെയും അനുഭവങ്ങളുടെയും വിസ്തൃതി കൂടുമ്പോൾ അനുഷ്യൻ ആവിഷ്കരിച്ച പലതും അവന് തന്നെ തിരുത്തേണ്ടതായും വരിക സ്വാഭാവികം മാത്രം. ചില മനുഷ്യനിർമിത പ്രത്യയ ശാസ്ത്രങ്ങളുടെ ചരമ ചരിത്രങ്ങൾ അതാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്.

അവിടെയാണ് സ്രഷ്ടാവിൽ നിന്നുള്ള സന്ദേശങ്ങൾ അഥവാ ദിവ്യബോധനം (വഹ്‌യ്) പ്രസക്തമാകുന്നത്. സൃഷ്ടികളെക്കുറിച്ച് ഏറ്റവും നന്നായി അറിയുന്ന, സർവജ്ഞാനിയും സർവ ശക്തനും അളവറ്റ ദയാപരനുമായ അല്ലാഹുവിന്റെ സന്ദേശങ്ങളാണ് മനുഷ്യന് ദിശകാണിക്കുന്ന ഏറ്റവും ഉന്നതമായ മാർഗദർശി.

“അലിഫ് ലാം റാ, മനുഷ്യരെ അവന്റെ രക്ഷിതാവിന്റെ അനുമതി പ്രകാരം ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുവാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചു തന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത്, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്” (ക്വുർആൻ 14:1).



“നിങ്ങളെ ഇരുട്ടിൽ നിന്ന് പ്രകാശത്തിലേക്ക് കൊണ്ടുവരാൻ വേണ്ടി തന്റെ ദാസന്റെ മേൽ വ്യക്തമായ ദൃഷ്ടാന്തങ്ങൾ ഇറക്കിക്കൊടുക്കുന്നവനാണ് അവൻ. തീർച്ചയായും അല്ലാഹു നിങ്ങളോട് വളരെയധികം ദയാലുവും കാരുണ്യവാനും തന്നെയാണ്” (ക്വുർആൻ 57:9).

മുഹമ്മദ് നബിﷺയുടെ നാൽപതാമത്തെ വയസ്സു മുതൽ ഇരുപത്തിമൂന്ന് വർഷക്കാലത്തെ വിവിധ സന്ദർഭങ്ങളിലും സാഹചര്യങ്ങളിലുമായി മലക്ക് ജിബ്‌രീൽ(عليه السلام) മുഖേന അല്ലാഹു ഇറക്കിക്കൊടുത്ത ദിവ്യസന്ദേശങ്ങളാണ് (വഹ്‌യ്) വിശുദ്ധ ക്വുർആൻ.

“തീർച്ചയായും ഇത് (ക്വുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു. വിശ്വസ്താത്മാവ് (ജിബ്‌രീൽ) അതും കൊണ്ട് ഇറങ്ങിയിരിക്കുന്നു” (ക്വുർആൻ 26:192,193).

ക്വുർആനിക വചനങ്ങൾ അവതരിച്ചുകിട്ടിയാൽ അത് നന്നായി ഉരുവിട്ടു പഠിക്കുവാൻ നബിﷺ അത്യുത്സാഹം കാണിച്ചിരുന്നു. പ്രസ്തുത ദൈവിക വചനങ്ങളിൽ നിന്നും വല്ലതും മറന്നുപോകുമോ എന്ന ആശങ്കയും അദ്ദേഹത്തിനുണ്ടായിരുന്നു. അതിനാൽ പ്രവാചകനെ ആശ്വസിപ്പിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു:

“സാക്ഷാൽ രാജാവായ അല്ലാഹു അത്യുന്നതനായിരിക്കുന്നു. ക്വുർആൻ– അത് നിനക്ക് ബോധനം നൽകപ്പെട്ടുകഴിയുന്നതിനുമുമ്പായി– പാരായണം ചെയ്യുന്നതിനു നീ ധൃതികാണിക്കരുത്. എന്റെ രക്ഷിതാവേ, എനിക്കു നീ ജ്ഞാനം വർധിപ്പിച്ചു തരേണമേ എന്ന് നീ പറയുകയും ചെയ്യുക” (ക്വുർആൻ 20:114).

“നിനക്ക് നാം ഓതിത്തരാം. നീ മറന്നുപോകുകയില്ല.” (ക്വുർആൻ 87:6)

അതിന്റെ സംരക്ഷണ ചുമതല അല്ലാഹു ഏറ്റതായി അറിയിച്ചു:

“നീ അത് (ക്വുർആൻ) ധൃതിപ്പെട്ട് ഹൃദിസ്ഥമാക്കാൻ വേണ്ടി അതും കൊണ്ട് നിന്റെ നാവ് ചലിപ്പിക്കേണ്ട. തീർച്ചയായും അതിന്റെ (ക്വുർആനിന്റെ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു” (ക്വുർആൻ 75:16,17).

ജിബ്‌രീൽ(عليه السلام) ദിവ്യസന്ദേശങ്ങളുമായി എത്തിയാൽ നബിﷺ അത് ശ്രദ്ധിച്ചുകേൾക്കും. ജിബ്‌രീൽ(عليه السلام) പോയാൽ ജിബ്‌രീൽ ഓതിക്കൊടുത്തപോലെ നബിﷺ ആ വചനങ്ങൾ ഓതുമായിരുന്നു” (ബുഖാരി, മുസ്‌ലിം).

അങ്ങനെ ക്വുർആൻ ഒന്നാമതായി പ്രവാചക ഹൃദ

യത്തിൽ സുരക്ഷിതമായി നിന്നു. അല്ലാഹു പറയുന്നു:

"നിനക്ക് നാം ഓതിത്തരാം; നീ മറന്നുപോകുകയില്ല" (ക്വുർആൻ 87:6).

അത് നബിﷺ അനുചരന്മാർക്ക് ഓതിക്കൊടുക്കും. അവരത് അത്യുത്സാഹത്തോടെ കേട്ട് പഠിക്കും. മിക്കവരും അത് ഹൃദിസ്ഥമാക്കിയിരുന്നു. ജീവിതത്തിരക്കുകൾക്കിടയിലും ദൈവിക സന്ദേശങ്ങൾ അറിയുവാനും ജീവിതത്തിൽ പകർത്തുവാനും സ്വഹാബത്ത് കാണിച്ച ഉത്സാഹം സുവിദിതമാണ്. അതിനൊരു ഉദാഹരണമാണ് ഉമർ رضي الله عنه പറഞ്ഞ ഈ വാക്കുകൾ:

"ഞാനും ബനൂ ഉമയ്യയിൽ പെട്ട അൻസ്വാരിയായ എന്റെ അയൽവാസിയും ഊഴം നിശ്ചയിച്ച് നബി ﷺയുടെ സന്നിധിയിൽ ചെല്ലുമായിരുന്നു. ഞാൻ ഒരു ദിവസം ചെല്ലും; അടുത്ത ദിവസം അദ്ദേഹവും. ഞാൻ ചെല്ലുന്ന ദിവസത്തെ വഹ്‌യിന്റെയും മറ്റും വിവരങ്ങളുമായി ഞാൻ എന്റെ അയൽവാസിയുടെ അടുക്കൽ ചെന്ന് പറഞ്ഞ് കൊടുക്കും. അദ്ദേഹം പോകുന്ന ദിവസത്തിൽ അദ്ദേഹവും അപ്രകാരം ചെയ്യും" (ബുഖാരി).

ക്വുർആൻ അൽപാൽമായി ഇറങ്ങിയത് അവർക്ക് അത് പഠിക്കുവാനും ഹൃദിസ്ഥമാക്കുവാനും ജീവിതത്തിൽ പകർത്തുവാനുമൊക്കെ വളരെയേറെ സഹായകമായിരുന്നു. അല്ലാഹു പറയുന്നു:

"സത്യത്തോടുകൂടിയാണ് നാം അത് (ക്വുർആൻ) അവതരിപ്പിച്ചത്. സത്യത്തോട് കൂടിത്തന്നെ അത് അവതരിക്കുകയും ചെയ്തിരിക്കുന്നു. സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനുമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. നീ ജനങ്ങൾക്ക് സാവകാശത്തിൽ ഓതിക്കൊടുക്കേണ്ടതിനായി ക്വുർആനിനെ നാം (പല ഭാഗങ്ങളായി) വേർതിരിച്ചിരിക്കുന്നു. നാം അതിനെ ക്രമേണയായി ഇറക്കുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 17:105,106).

പല വിഷയങ്ങളിലും അവതരിക്കുന്ന ദൈവിക വചനങ്ങൾ നബിﷺക്കും സത്യവിശ്വാസികൾക്കും ആശ്വാസവും ആത്മധൈര്യവും പകരുന്നതായിരുന്നു. സ്രഷ്ടാവിന്റെ ഇടപെടൽ അവർക്ക് നൽകുന്ന നിർവൃതി വാക്കുകൾക്കതീതമാണ്.

"സത്യനിഷേധികൾ പറഞ്ഞു; ഇദ്ദേഹത്തിന് ക്വുർആൻ ഒറ്റത്തവണയായി ഇറക്കപ്പെടാത്തതെന്താണെന്ന്. അത് അപ്രകാരം (ഘട്ടങ്ങളിലായി അവതരിപ്പിക്കുക) തന്നെയാണ് വേണ്ടത്. അത് കൊണ്ട് നിന്റെ ഹൃദയത്തെ ഉറപ്പിച്ച് നിർത്തുവാൻ വേണ്ടിയാകുന്നു. ശരിയായ സാവകാശത്തോടെ നാമത് പാരായണം ചെയ്ത് കേൾപിക്കുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 25:32).

സ്രഷ്ടാവിൽ നിന്നുള്ള വചനങ്ങൾ പാരായണം ചെയ്യുന്നതിന്റെയും മനഃപാഠമാക്കുന്നതിന്റെയും നിരവധി മഹത്ത്വങ്ങളും നേട്ടങ്ങളും നബിﷺയിൽ നിന്നും അവർ മനസ്സിലാക്കി. ക്വുർആൻ മനഃപാഠമാക്കുവാനുള്ള പ്രോത്സാഹനങ്ങൾ നൽകിയും ക്വുർആൻ കൂടുതൽ ഹൃദിസ്ഥമാക്കിയവരെ പ്രത്യേകം ആദരിച്ചും നബിﷺ ഈ പ്രക്രിയക്ക് ശക്തി പകർന്നു. നിവേദക സംഘങ്ങളെ അയക്കുമ്പോൾ ക്വുർആൻ കൂടുതൽ മനഃപാഠമാക്കിയവർക്കായിരുന്നു നേതൃസ്ഥാനം നൽകിയിരുന്നത്. നമസ്കാരത്തിന് നേതൃത്വം കൊടുക്കേണ്ടതും കൂട്ടത്തിൽ ഏറ്റവും ക്വുർആൻ മനഃപാഠമുള്ളവരായിരിക്കണമെന്ന് നബിﷺ നിർദേശിച്ചിരുന്നു. ഒന്നിലധികം ആളുകൾ ഒന്നിച്ച് മരിക്കുകയും അവരെ ഒന്നിച്ച് ക്വബറടക്കം ചെയ്യേണ്ടിയും വരുന്ന സാഹചര്യങ്ങളിൽ ക്വുർആൻ കൂടുതൽ ഹൃദിസ്ഥമാക്കിയവർക്ക് മുൻഗണന നൽകിയിരുന്നു. ക്വുർആൻ ആത്മാർഥമായി മനഃപാഠമാക്കിയവർക്ക് പാരത്രിക ജീവിതത്തിലും ഉന്നതമായ പദവികളുണ്ടെന്നും അവർ വിശുദ്ധരായ മാന്യന്മാരായ ദൂതന്മാരോടൊപ്പമായിരിക്കും എന്നുമെല്ലാം നബിﷺ ഉണർത്തിയിട്ടുണ്ട്.

ഇങ്ങനെ ഹൃദിസ്ഥമാക്കിയ ക്വുർആനിക വചനങ്ങൾ സ്വഹാബികൾ അവരുടെ നമസ്കാരങ്ങളിലും അല്ലാതെയും നിത്യേന പാരായണം ചെയ്തിരുന്നു. രാത്രി കാലങ്ങളിൽ ദീർഘമായി ക്വുർആൻ പാരായണം ചെയ്തുകൊണ്ട് ഉറക്കമിളച്ച് അവർ നമസ്കരിക്കുമായിരുന്നു; റമദാനിന്റെ രാവുകളിൽ പ്രത്യേകിച്ചും.

ക്വുർആനിന്റെ ഓരോ അക്ഷരം പാരായണം ചെയ്യുന്നതിനും ദശക്കണക്കിന് നന്മകൾ പ്രതിഫലമുണ്ടെന്ന് പറഞ്ഞ നബിﷺ 'നിങ്ങളിലേറ്റവും ഉത്തമൻ ക്വുർആൻ പഠിക്കുകയും അത് മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നവരാണ്' എന്നും ഉണർത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ക്വുർആനിന്റെ പ്രഥമ അഭിസംബോധിതരായിരുന്ന പ്രവാചകാനുചരന്മാർ ക്വുർആൻ പഠിക്കുവാനും പാരായണം ചെയ്യുവാനും ഉത്സാഹിച്ചിരുന്നു.

അങ്ങനെ ക്വുർആൻ വിജ്ഞാനീയങ്ങളിലെ ഒന്നാമത്തെ വിജ്ഞാനമായ മനഃപാഠമാക്കൽ നബിﷺ തുടങ്ങുകയും സ്വഹാബത്ത് ഏറ്റെടുക്കുകയും തലമുറകളായി തുടരുകയും ചെയ്തുപോന്നു. ആ മഹൽ പ്രക്രിയ മഹാത്ഭുതമായി ഇന്നും തുടർന്നുകൊണ്ടിരിക്കു

ന്നു. ക്വുർആൻ മൊത്തം ഹൃദിസ്ഥമാക്കിയ ലക്ഷക്കണക്കിന് മനുഷ്യന്മാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ട്! ലോകത്തുള്ള മുഴുവൻ ക്വുർആനിന്റെ കോപ്പികളും കണ്ടുകെട്ടി ചുട്ടുകരിക്കാൻ ആർക്കെങ്കിലും സാധിക്കുമെന്ന് സങ്കൽപിച്ചാൽ പോലും നിമിഷങ്ങൾക്കുള്ളിൽ ആ ക്വുർആൻ പകർത്തിയെഴുതി വീണ്ടെടുക്കാൻ സാധിക്കുംവിധത്തിൽ ജനലക്ഷങ്ങളുടെ ഹൃദയങ്ങളിൽ അത് സജീവമായി നിലനിൽക്കുന്നു. ഇത് വിശുദ്ധ ക്വുർആനിന്റെ മാത്രം പ്രത്യേകതയാണ്. ലോകാവസാനം വരെയുള്ള മനുഷ്യരാശിക്ക് മാർഗദർശനമായ ക്വുർആൻ അല്ലാഹു സംരക്ഷിച്ചുപോരുന്നതിന്റെ ഒരു നേർക്കാഴ്ചയാണിത്.

കേവലമായ പഠന പാരായണങ്ങൾക്കുപരിയായി ക്വുർആനിനെ സ്വജീവിതത്തിലേക്ക് അവർ ചേർത്തുവെച്ചു. ഇബ്നു മസ്ഊദ്ﷺ പറയുന്നു: "ഞങ്ങൾ നബിﷺയിൽ നിന്ന് പത്ത് ക്വുർആനിക വചനങ്ങൾ കേട്ടുകഴിഞ്ഞാൽ അത് പഠിക്കാതെയും അവയനുസരിച്ച് പ്രവർത്തിക്കാതെയും അത് മറ്റുള്ളവർക്ക് പഠിപ്പിക്കാതെയും മുന്നോട്ട് പോകുമായിരുന്നില്ല. ഞങ്ങൾ ആ വചനങ്ങളിൽ നിന്നും അനുവദനീയ കാര്യങ്ങളും (ഹലാൽ) നിഷിദ്ധ കാര്യങ്ങളും (ഹറാം) മനസ്സിലാക്കുമായിരുന്നു. അങ്ങനെ വിജ്ഞാനവും കർമവും ഞങ്ങൾക്ക് കിട്ടി" (ബൈഹക്വി, ഇബ്നുജരീർ).

**ക്വുർആന് മാത്രം അവകാശപ്പെടാൻ കഴിയുന്ന സവിശേഷതകൾ:**

നബിﷺയും സ്വഹാബത്തും തുടക്കം കുറിച്ച ക്വുർആൻ മനഃപാഠമാക്കൽ പ്രക്രിയ ലോക മുസ്‌ലിംകൾ ഇന്നും ആവേശത്തോടെ തുടർന്നുവരുന്നു.

വിശുദ്ധ ക്വുർആൻ സമ്പൂർണമായും ഹൃദിസ്ഥമാക്കിയ ദശലക്ഷക്കണക്കിനാളുകൾ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ഇന്നും ജീവിച്ചുകൊണ്ടിരിക്കുന്നു.

ലോകത്തെവിടെയുമുള്ള മുസ്‌ലിംകളുടെ കൈകളിലുള്ള ക്വുർആനിലെ അധ്യായങ്ങളും വചനങ്ങളും നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും ഒരുപോലെ തന്നെ നിലനിൽക്കുന്നു.

ക്വുർആനിലെ ഒരു വചനമോ ഒരു പദമോ പോലും തെറ്റി പാരായണം ചെയ്താൽ ഉടനടി തിരുത്തിക്കൊടുക്കാൻ കഴിയുന്ന പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വൃദ്ധർ വരെ ധാരാളമാളുകൾ എക്കാലത്തും ലോകത്തുണ്ടായിട്ടുണ്ട്.

ക്വുർആൻ ഒരാളും എഴുതി സൂക്ഷിക്കുകയോ ഗ്രന്ഥരൂപത്തിലാക്കുകയോ ചെയ്തില്ല എന്ന് സങ്കൽപിച്ചാൽ പോലും അത് ക്വുർആനിന്റെ വിശ്വാസ്യതയ്ക്കോ ആധികാരികതയ്ക്കോ ഒരുനിലയ്ക്കും എതിരാകുന്നില്ല.

നബിﷺയുടെ ഹൃദയത്തിൽ അല്ലാഹു ക്വുർആൻ സുരക്ഷിതമായി നിലനിർത്തി: "നിനക്ക് നാം ഓതിത്തരാം. നീ മറന്നുപോകുകയില്ല" (87:6). "തീർച്ചയായും അതിന്റെ (ക്വുർആന്റെ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു. അങ്ങനെ നാം അത് ഓതിത്തന്നാൽ ആ ഓത്ത് നീ പിന്തുടരുക" (75:17,18).

സ്വഹാബത്ത് ക്വുർആൻ സൂക്തങ്ങൾ അത്യുത്സാഹത്തോടെ പഠിക്കുകയും മനഃപാഠമാക്കുകയും ചെയ്തു. നിത്യജീവിതത്തിൽ ക്വുർആനുമായി അവർ ബന്ധം പുലർത്തി.

ക്വുർആൻ മുഴുവനായും ഹൃദിസ്ഥമാക്കിയ നൂറുകണക്കിന് സ്വഹാബിമാരുണ്ടായിരുന്നു.

അവരിൽ പ്രമുഖരായ ചിലർ;


1. അബൂബക്കർ സ്വിദ്ദീക്ﷺ.
2. ഉമറുബ്നുൽ ഖത്ത്വാബ്ﷺ.
3. ഉസ്മാനുബ്നു അഫ്ഫാൻﷺ.
4. അലിയ്യ്ബ്നു അബീത്വാലിബ്ﷺ.
5. ഉബയ്യ്ബ്നു കഅ്ബ്ﷺ.
6. അബൂദർദ്ദാഅ്ﷺ.
7. ത്വൽഹത്ത്ﷺ.
8. സഅ്ദ്ﷺ.
9. ഇബ്നു മസ്ഊദ്ﷺ.
10. ഹുദൈഫത്തുൽ യമാൻﷺ.
11. സാലിം മൗലാ അബീഹുദൈഫﷺ.
12. അബൂഹുറയ്റﷺ.
13. അബ്ദുല്ലാഹ്ബ്നുസാഇബ്ﷺ.
14. മുആദ് ബ്നുജബൽﷺ.
15. തമീമുദ്ദാരിﷺ.

ക്വുർആൻ പൂർണമായും ഹൃദിസ്ഥമാക്കിയ സ്വഹാബാവനിതകളിൽ ചിലർ;

1. ആഇശﷺ.
2. ഹഫ്സﷺ.
3. ഉമ്മുസലമﷺ.

ശംസുദ്ദീൻ എടത്തനാട്ടുകര
mail@nerpatham.com





# നിശ്ശബ്ദമായ കരച്ചിൽ

**ഏ**കദേശം പതിനഞ്ച് വർഷം മുമ്പാണ് സംഭവം! പാലക്കാട് ജില്ലയിലെ ചിറ്റൂർ എന്ന സ്ഥലത്ത് ബസ്സ് കാത്ത് നിൽക്കുന്ന എന്റെ കണ്ണുകൾ, പാവപ്പെട്ട ഒരു അമ്മൂമയുടെയും പേരക്കുട്ടിയുടെയും മേൽ പതിഞ്ഞു.

ഒരു പഴക്കടയുടെ മുന്നിൽ നിൽക്കുകയാണ് വൃദ്ധയും കൂടെയുള്ള കുഞ്ഞും. ആ അമ്മൂമ എന്തോ സംശയിച്ചു കൊണ്ട് നിന്നു കുറെ നേരം നിന്നു. പിന്നെ, ഭംഗിയായി അടുക്കിവെച്ചിരിക്കുന്ന ആപ്പിളുകൾക്ക് മുകളിൽനിന്ന് ഒരെണ്ണമെടുത്ത് അവർ അതിന്റെ വില ചോദിക്കുന്നു. കച്ചവടക്കാരൻ അത് തൂക്കിനോക്കി വില അതിന്റെ പറഞ്ഞുകൊടുത്തു. വില കേട്ടപ്പോൾ അവർ കയ്യിലുള്ള നാണയത്തുട്ടുകൾ എണ്ണി നോക്കി. തിരിച്ചും മറിച്ചും എണ്ണി നോക്കി; പല തവണ! ആ ആപ്പിൾ വാങ്ങാനുള്ള തുക തികയുന്നില്ല.

അൽപ സമയത്തിനു ശേഷം ഒന്നും സംഭവിക്കാത്ത മട്ടിൽ ആ വൃദ്ധയും കുട്ടിയും തിരിഞ്ഞു നടന്നു. വല്ലാത്ത ഒരു സങ്കടം വൃദ്ധയുടെ മനസ്സിൽ പതഞ്ഞുപൊങ്ങുന്നുണ്ടാകുമെന്ന് ഉറപ്പ്. എന്നാൽ മുഖത്ത് അത് പ്രകടമാക്കാതിരിക്കാൻ ബോധപൂർവം ശ്രമിച്ചുകൊണ്ടാണ് അവർ തിരിഞ്ഞു നടന്നത്. രുചികരമായ ആപ്പിളിന്റെ മധുരം നുണയാൻ കൊതിച്ച ശേഷം അത് കിട്ടാതെ പോയതിൽ ഒരു വിഷമവും ആ കുഞ്ഞും പ്രകടിപ്പിച്ചു കണ്ടില്ല. ആ കുഞ്ഞു ശരീരത്തിലെ വലിയ മനസ്സ് എത്രയോ പക്വതയാർജിച്ചിരുന്നുവോ?

ഒരു ആപ്പിൾ ആ കുഞ്ഞിന് വാങ്ങിക്കൊടുത്ത് കുഞ്ഞുമനസ്സിനെ സന്തോഷിപ്പിക്കണമെന്ന് ആഗ്രഹിച്ചുപോയി. കയ്യിൽ കഷ്ടിച്ച് നാട്ടിലേക്കെത്താനുള്ള കാശ് മാത്രമെ ഉണ്ടായിരുന്നുള്ളൂ എന്നതിനാൽ ഞാൻ നിസ്സഹായനായിരുന്നു.

അവർ ഇല്ലായ്മയുടെ വേദനകൾ അറിഞ്ഞു ജീവിക്കുന്നവരാണെന്ന കാര്യം ഉറപ്പ്. ആ വൃദ്ധക്കും കുഞ്ഞിനും ജീവിതത്തിൽ ആഗ്രഹിക്കുന്നത് ലഭിച്ച സന്ദർഭങ്ങൾ അത്യപൂർവമായിരിക്കും. അത്കൊണ്ടു തന്നെ ആഗ്രഹിച്ചത് കിട്ടാതിരുന്നപ്പോൾ അവരിൽ ഭാവമാറ്റമുണ്ടായില്ല. തന്റെ കുഞ്ഞിനെ നിരാശപ്പെടുത്താതിരിക്കാൻ ആ വൃദ്ധ കച്ചവടക്കാരനോട് തന്റെ കയ്യിലുള്ള കാശിന് ആപ്പിൾ തരുമോ എന്ന് യാചിച്ചില്ല. കിട്ടാതിരുന്നപ്പോൾ ആ കുഞ്ഞ് വാശി പിടിച്ച് കരഞ്ഞില്ല. അൽപകാലത്തെ ജീവിതാനുഭവങ്ങൾ അവനെ ഇല്ലായ്മയോട് പൊരുത്തപ്പെടാൻ അവനെ പഠിപ്പിച്ചിരിക്കുന്നു.

ആഗ്രഹിക്കുന്നതെന്തും അപ്പോൾ തന്നെ ലഭിച്ച് ശീലമുള്ള നമ്മുടെ മക്കളെ ആ കുഞ്ഞിന്റെ സ്ഥാനത്ത് നാം സങ്കൽപിക്കുക. എന്തെല്ലാം പുകിലായിരിക്കും സംഭവിച്ചിരിക്കുക! കിട്ടിയേ തീരൂ എന്ന് വാശി പിടിക്കും. ഉച്ചത്തിൽ കരയും. തിരിച്ചുപോകാൻ കൂട്ടാക്കില്ല...

നമ്മുടെ കാര്യമോ? കുട്ടിയെ നിരാശപ്പെടുത്തിയതിൽ നമ്മൾ സങ്കടപ്പെടും. അവരുടെ കരച്ചിൽ കാണുമ്പോൾ നമ്മുടെ കണ്ണുകൾ നിറയും.

ഒരു കാര്യം ഉറപ്പ്; ജീവിതയാത്രയിലെ പ്രതിസന്ധികൾക്ക് മുമ്പിൽ അടിപതറാതെ മുന്നോട്ട് പോകാൻ ആ കുഞ്ഞിനെ പോലുള്ളവർക്ക് ഒരു ബുദ്ധിമുട്ടുമുണ്ടാകില്ല. പ്രയാസങ്ങളുടെ തീച്ചൂളയിൽ വളർന്ന് കടഞ്ഞെടുക്കപ്പെട്ടവർക്കേ അതിന് സാധിക്കൂ. അല്ലാത്തവർക്ക് കൊച്ചുകൊച്ചു പ്രശ്നങ്ങൾക്ക് മുമ്പിൽപോലും പകച്ചു നിൽക്കാനേ കഴിയൂ.

അന്ന് അവരെ സഹായിക്കാനായില്ലല്ലോ എന്ന വിഷമം ഇപ്പോഴും മനസ്സിൽ ബാക്കിയാണ്. ഇന്നും പഴക്കടയിൽ സാധനങ്ങൾ വാങ്ങാൻ പോകുമ്പോൾ, ആപ്പിൾ കാണുമ്പോഴെല്ലാം ആ നിഷ്കളങ്ക മുഖങ്ങൾ മനസ്സിൽ തെളിഞ്ഞു വരും. ●

സി.കെ.എം ബഷീർ, ആനക്കയം
ckmbakm@gmail.com

# പൂച്ചക്ക് ആര് മണി കെട്ടും?

ആർക്കും ആരെയുമെന്തും പറയാമെന്നൊരു സ്ഥിതി വന്നേ
ആളും തരവും നോക്കാതുള്ളൊരു പെരുമാറ്റം തന്നെ
ആർപ്പും വിളിയും അതിരു വിടുന്നൊരു തലമുറ വളരുന്നേ
ആവിഷ്കാരപ്പേരിൽ തോന്ന്യാസങ്ങൾ കാട്ടുന്നേ

ആർക്കിനി പറ്റും ശ്വാസം വിടുവാൻ ശാന്തതയോടൊന്ന്
ആധികളൊഴിയാതുള്ളൊരു നേരം സ്വപ്നം ആകുന്നോ?
ആകുലചിത്തം തന്നിൽനിന്നും മോചനമില്ലേന്നോ
ആനന്ദത്തിൻ ലോകം ലഹരിക്കുപ്പിയിൽ തിരയുന്നോ?

ആഭാസത്തിൽ ചെളിവെള്ളത്തിൽ നീന്തിക്കഴിയുന്നോ
ആയുധമേന്തിയ താന്തോന്നികളായ് ആളുകൾ മാറുന്നോ
ആദർശങ്ങൾ വാക്കിൽ മാത്രം ഒതുക്കി നിർത്തുന്നോ
ആകാശത്തിൻ ചോട്ടിലഹന്തക്കോട്ടകൾ കെട്ടുന്നോ

ആട്ടം ചാട്ടം പാട്ടും കൂത്തും മാത്രം മതിയെന്നോ
ആഹാരത്തിനു വകയില്ലേലും പണിചെയ്യില്ലെന്നോ
ആശ്ചര്യം ഈ മാറ്റങ്ങൾ ഇത് നാശം വിതറുന്നേ
ആലോചിക്കുന്നോരേ ഉണരൂ ഈ സ്ഥിതി മാറ്റാനായ്



## വിട പറയൂ അപശബ്ദങ്ങളോട്, കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
07 DECEMBER 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM
ISLAMIC ORGANIZATION

# നാലാം വയസ്സിലേക്ക്...



ഒറ്റ പ്രതി ₹12
വാർഷിക വരിസംഖ്യ: ₹624
പ്രചാരണ മാസത്തിൽ: ₹550

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

**വരി ചേരുക, വായിക്കുക...**

**പ്രചാരണ മാസം**
**2019 നവംബർ: 15 - ഡിസംബർ: 15**

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com